
സെപ്റ്റംബർ 2021
വാല്യം 1 ലക്കം 2

# VOX SANT' ANDREA

(വി.അന്ത്രയോസിന്റെ ശബ്ദം)



Parish Bulletin Magazine St. Andrews Basilica, Arthunkal



# VOX SANT' ANDREA

(വി.അന്ത്രയോസിന്റെ ശബ്ദം)

## എഡിറ്റോറിയൽ ബോർഡ്


**രക്ഷാധികാരി**

ഫാ. സ്റ്റീഫൻ ജെ പുന്നക്കൽ

**ചീഫ് എഡിറ്റർ**

ഫാ. സൈറസ് തോമസ് കാട്ടുങ്കൽതയ്യിൽ

**എക്സിക്യൂട്ടീവ് എഡിറ്റർ**

ലിസ്സി ജോസ്‌ലിൻ

**എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ**

ദാസ് വാലയിൽ

അലോഷ്യസ് ജോസഫ് അരേശ്ശേരിൽ

സെബാസ്റ്റ്യൻ കെ. ഡബ്ല്യൂ.

സൂസി കെ. ബി.

സീന പി. ജെ.

**എഡിറ്റോറിയൽ കോപ്പറേറ്റേഴ്സ്**

ജോസി സ്റ്റീഫൻ

ആന്റണി അമാർ

ജോയ് സി. ഡി.

അശ്വിൻ ജി. പ്രകാശ്

ഷാന്റി എ. ജെ.

സെബാസ്റ്റ്യൻ കെ. പി.

അനറ്റ് സെബാസ്റ്റ്യൻ

സൺഫിയമോൾ കെ. എസ്.

ജെസ്‌വിൻ വിനോദ്

**ലേ ഔട്ട് & ഡിസൈൻ**

നെവിൽ ആന്റണി മാരാരിക്കുളം



# ഉള്ളടക്കം




**03**

കടൽ സംരക്ഷണ ജാഗ്രതയും
തീര ജനതക്കായുള്ള കരുതലും
*ദാസ് വാലയിൽ*



**06**

ദാമ്പത്യവും സഭയുടെ
കാഴ്ചപ്പാടും
*ഫാ. ജോയ് അറയ്ക്കൽ*



**08**

ദൈവകരങ്ങളിലെ
കാരുണ്യത്തിന്റെ പെൻസിൽ...
*ജോളി അമാർ കൊച്ചീക്കാരൻ വീട്ടിൽ*



**11**

മേഖല വിജ്ഞാപനം 2019
ഭവന നിർമ്മാണത്തിലെ
പ്രതിസന്ധികൾ
*പി.ആർ. കുഞ്ഞച്ചൻ.*



**14**

വിശുദ്ധ യൗസേപ്പിതാവ്
*സിസ്റ്റർ ബ്രിജിറ്റ് ജോസഫ്*




**16**

ദൈവത്തിന്റെ ചാരന്മാർ
*ഡോമിറ്റിൽഡ മേരി*



**18**

വിദ്യാഭ്യാസം കേരളത്തിൽ
*സ്റ്റാലിൻ വി എ*

## സൃഷ്ടികൾ

ജോസഫ് എന്ന നക്ഷത്രം
*ലിസ്സി ജോസ് ലിൻ*
കുഞ്ഞൻ
തുമ്പിയും
പനിനീർപ്പൂവും
*നിസിയ ഗ്രേസ് രാജേഷ്*
ഉണക്കമരം
അലോഷ്യസ് ജോസഫ്

# സഭയുടെ ഹൃദയതാളമാണ് കുടുംബം

തിരുസഭയുടെ ഹൃദയതാളമാണ് ഓരോ കുടുംബവും. വിശുദ്ധി നിറഞ്ഞ കുടുംബവും വിശദീകരിക്കപ്പെടുന്ന കുടുംബവും സഭയുടെ പ്രതീക്ഷയും പ്രത്യാശയുമാണ്. ഈ പ്രത്യാ ശയോടെയാണ് സഭ നിരന്തരം ഓരോ കുടുംബത്തെയും കൂദാശകളിലൂടെ പരിപാലിക്കുന്നത്. വിവാഹം എന്ന കൂദാശ ദമ്പതികൾ വിശുദ്ധിയോടും യോഗ്യതയോടും കൂടി സ്വീകരിക്കുമ്പോൾ ദൈവം അവർക്ക് വിശുദ്ധമായ രീതിയിൽ കുടുംബജീവിതം നയിക്കാൻ ആവശ്യമായ കൃപകളും പരിശു ദ്ധാത്മാവിന്റെ അഭിഷേകവും പ്രധാനം ചെയ്യുന്നു. ഉയർച്ചതാഴ്ചകൾ ഹൃദയത്തോട് ചേർത്തു പിടിക്കാൻ ഈ വിശുദ്ധി ദമ്പതികൾക്ക് നിര ന്തരമായ ഔഷധമായി മാറുന്നു



'സഭയിൽ യോജിപ്പിക്കപ്പെട്ടതും ബലിയിൽ ശക്തമാക്ക പ്പെട്ടതും അനുഗ്രഹത്താൽ മുദ്ര വെക്കപ്പെട്ടതും മാലാഖമാരാൽ വിളംബരം ചെയ്യപ്പെട്ടതുമായ വിവാഹം എന്ന കൂദാശയുടെ സൗഭാഗ്യം എങ്ങനെ വിശദീകരിക്കാനാവും'എന്നാണ് സഭാപിതാവായ തെർത്തൂലീയൻ വിവാഹത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നത് ജോൺ പോൾ മാർപാപ്പയുടെ 'സഭ ആധുനിക യുഗ ത്തിൽ, എന്ന മാർഗ്ഗ രേഖയിലൂടെ പറയുന്നത് 'ഭാര്യ ഭർത്താക്കന്മാരുടെ നിർമ്മ ലവും ഗാഢവു മായ ദാമ്പത്യം ശ്രേഷ്ഠവും ആദരണീയവുമാണ് എന്നാണ്. അതിനാൽ പാപ്പാ വ്യക്തമാക്കുന്നതുപോലെ കുടുംബത്തെ നിർമ്മലമാക്കിത്തീർക്കു വാനും മക്കളെ വിശുദ്ധിയിൽ വളർത്തുവാനും നമുക്ക് സാധിക്കണം. അതിന് മൂന്നാളുകൾ നിരന്തരമായി അവിടെ ഉണ്ടാവണം. ഭാര്യയും ഭർത്താവും അവരെ ഒന്നിപ്പിച്ച ദൈവവും. ആ മൂന്ന് ആളുകൾ ഒന്നിച്ച് നീങ്ങുന്നിടത്ത് വിശുദ്ധി നിറഞ്ഞ ഒരു കുടുംബത്തെയും, അതിലൂടെ സംജാതമാകുന്ന ഒരു തല മുറയെയും നമുക്ക് കാണുവാൻ സാധിക്കും. അപ്രകാരം ഓരോ കുടുംബത്തിനും സാധിക്കട്ടെ എന്ന് പ്രത്യേകം പ്രാർ ത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.



ദാസ് വാലയിൽ

# കടൽ
## സംരക്ഷണ ജാഗ്രതയും
# തീര
## ജനതക്കായുള്ള കരുതലും

ഒരു രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥ യിൽ കാർഷിക മേഖല പോലെ തന്നെ പ്രധാന പ്പെട്ടതാണ് മത്സ്യബന്ധന മേഖലയും.

ലോക സമ്പദ് വ്യവസ്ഥയിൽ മത്സ്യബന്ധന മേഖലയുടെ പ്രാധാന്യം വളരെ വലുതാണ്. ലോക ജനതയിൽ 25 കോടിയിലധികം ആളു കൾ ഉപജീവനത്തിനായി നേരിട്ടും, അതിന്റെ ഇരട്ടി ജനങ്ങൾ പരോക്ഷമായും മത്സ്യബന്ധന മേഖലയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. ലോകജനതയ്ക്ക് ഏറ്റവും കൂടുതൽ പോഷകാ ഹാരം പ്രധാനം ചെയ്യുന്ന ഒരു മേഖല കൂടി യാണിത്. ലോകത്ത് നൂറുകോടിയിൽ പരം ദരിദ്രരായ മനുഷ്യർക്ക് കുറഞ്ഞ ചെലവിൽ മത്സ്യം ലഭ്യമാക്കുന്നത് മത്സ്യബന്ധന മേഖല യാണ്. നിയമപരമായ മത്സ്യബന്ധനം പോലും പലപ്പോഴും സമുദ്രത്തിന്റെ ജൈവ പരിസ്ഥിതിക്ക് ആഘാതം വരുത്തുമ്പോൾ നിയമവിരുദ്ധ മത്സ്യബന്ധനം വരുത്തിവെക്കുന്ന ആഘാതം എത്രയോ വലുതാണ്.

മത്സ്യബന്ധന മേഖല സമുദ്രത്തിൽ നിന്ന് ആർജ്ജിക്കുന്നസമ്പത്ത് പോലെ തന്നെ പ്രധാന പ്പെട്ടതാണ് ഈ മേഖല നേരിടുന്ന പ്രശ്നങ്ങളും. നിയമവിരുദ്ധ മത്സ്യബന്ധനം ഈ മേഖലയ്ക്ക് ഇന്നു ഉയർത്തുന്ന ഭീഷണികൾ അല്ല ഭാവിയിൽ ഇതിനെ കാത്തിരിക്കുന്നത്. നിയമവിരുദ്ധമായും, കണക്ക് രേഖപ്പെടുത്താതെയും, അനിയന്ത്രി തമായി നടത്തുന്ന മത്സ്യബന്ധനം (Illegal, Unreported and Unregulated ) (IUU) എത്രത്തോളം വലിയ ആഘാതമാണ് ഈ

മേഖലയ്ക്ക് വരുത്തിവെച്ചു കൊണ്ടിരിക്കുന്നത്. ലോകരാജ്യങ്ങളുടെ സാമ്പത്തിക പുരോഗതിയിൽ നിർണായക പങ്കുവഹിക്കുന്ന ഈ മേഖലയ്ക്ക് ഉണ്ടാകുന്ന ആശങ്ക അകറ്റാൻ നിരന്തര പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണിന്നു ലോകം. ഐക്യരാഷ്ട്ര സംഘടന എല്ലാ വർഷവും ജൂൺ 5 നിയമവിരുദ്ധ മത്സ്യബന്ധനത്തിന് എതിരെയുള്ള ബോധവൽക്കരണ ദിനമായി ആചരിക്കുന്നത് ഈ പ്രശ്നം ഭാവിയിൽ ഉണ്ടാകാൻ സാധ്യതയുള്ള ഭീഷണി മുന്നിൽകണ്ടാണ് എന്നത് വ്യക്തം.

എന്തൊക്കെയാണ് നിയമവിരുദ്ധ മത്സ്യബന്ധനം എന്ന് നാം അറിയണം. 1) വിദേശയാനങ്ങൾ നടത്തുന്ന അനുവാദമില്ലാത്ത മീൻപിടുത്തം. 2) രാജ്യത്തിൽ തന്നെയുള്ള അംഗീകൃത യാനങ്ങൾ നടത്തുന്ന അനധികൃത മീൻപിടുത്തം. 3) കണക്കിൽപ്പെടാത്ത മത്സ്യബന്ധനം (തെറ്റായ കണക്ക്, രേഖപ്പെടുത്താത്ത കണക്ക്) 4) അന്താരാഷ്ട്ര സമുദ്ര നിയമങ്ങൾ മാനിക്കാതെയുള്ള മത്സ്യബന്ധനം.

സമുദ്രത്തിന്റെ തനതായ ജൈവഘടനയെ തകരാറിലാക്കുന്ന നിയമവിരുദ്ധ മത്സ്യബന്ധനം ഈ മേഖലയുടെ നിലനിൽപ്പുതന്നെ തകർത്തു കൊണ്ടിരിക്കുന്നു. നിയമപരമായ മത്സ്യബന്ധനം തന്നെ കടലിന്റെ ആവാസവ്യവസ്ഥ തകർക്കുന്നതായിട്ടാണ് പഠന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. അപ്പോൾ നിയമവിരുദ്ധ മത്സ്യബന്ധനം കടലിന് ഏൽപ്പിക്കുന്ന ആഘാതം വളരെ വലുതാണ്.

ഓരോ രാജ്യത്തെയും മത്സ്യബന്ധന നയങ്ങളെയും, സംരക്ഷണ മാർഗങ്ങളെയും നിയമവിരുദ്ധ മത്സ്യബന്ധനം തകിടം മറിക്കുന്നു. ഒപ്പം ആ മേഖലയെ ആശ്രയിക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവന മാർഗ്ഗത്തെയും. മീൻ കുഞ്ഞുങ്ങളുടെ അതിജീവനം, പ്രജനനത്തിന് പാകമായ മത്സ്യങ്ങളുടെ എണ്ണം, ജീവിത ചക്രത്തിൽ ഒരുതവണയെങ്കിലും പ്രജനനം നടത്താനുള്ള സാധ്യത എന്നീ ഘടകങ്ങൾ മത്സ്യ സമ്പത്തിന്റെ സുസ്ഥിരത ഉറപ്പു വരുത്തുന്നതിൽ നിർണായക പങ്കുവഹിക്കുന്നു. എന്നാൽ ഈ മേഖലയിലെ പഠനങ്ങൾ വ്യക്തമാക്കുന്നത് അശാസ്ത്രീയമായ മത്സ്യബന്ധന രീതികളും, ഉപകരണങ്ങളും പ്രജനനസന്നദ്ധരായ മത്സ്യങ്ങളെയും പൊടി മീനുകളെയും വൻതോതിൽ പിടിച്ച് നശിപ്പിക്കുന്നു. എന്നുമാത്രമല്ല സമുദ്ര മേഖലയുടെ സന്തുലനം തന്നെ ഇത് അവതാളത്തിലാക്കുന്നു. ഒപ്പം നമ്മുടെ ജീവിതവും...

കടലിന്റെ പരിസ്ഥിതിയെ എന്നപോലെ പരമ്പരാഗത ചെറുകിട മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവരെയും നിയമവിരുദ്ധ മത്സ്യബന്ധനം പ്രതികൂലമായി ബാധിക്കും. ഇത് ഈ മേഖല നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയായിരിക്കും. മധ്യ അമേരിക്കയിലെ മത്സ്യത്തൊഴിലാളികൾ തങ്ങളുടെ വരുമാനമാർഗങ്ങൾ നിലച്ചപ്പോൾ ജീവിക്കാനായി അവർ ലഹരി വില്പനയിലേക്ക് കടന്നതും, ജീവിതം ചിതറിപ്പോയതും ഒരുദാഹരണമായി നമ്മുടെ മുന്നിൽ നിൽക്കുന്നു.

പരമ്പരാഗത ചെറുകിട യാനങ്ങൾ ഉപയോഗിച്ചു മത്സ്യബന്ധനം നടത്തുന്നവരും നിയമവിരുദ്ധ മത്സ്യബന്ധന മാർഗങ്ങൾ അവലംബിക്കാറുണ്ട് എന്നുള്ളത് നമ്മളെയും ചിന്തിപ്പിക്കേണ്ടതാണ്. മത്സ്യം പിടിക്കാൻ ഡൈനാമിറ്റ് ഉപയോഗിക്കുക, പവിഴപ്പുറ്റുകൾക്കും കൽവനങ്ങൾക്കും നാശം വരുത്തുന്ന രീതിയിൽ മത്സ്യബന്ധനം നടത്തുക, അടക്കം കൊല്ലി വലകൾ ഉപയോഗിച്ച് പൊടി മീനുകളെയും പാഴ് മീനുകളെയും പിടിച്ചു ഇല്ലാതാക്കുക. എന്നിങ്ങനെയുള്ളത് നിയമലംഘനവും ഈ മേഖലയുടെ നിലനിൽപ്പ് അവതാളത്തിലാക്കുന്നതുമാണ്. ലോക മത്സ്യസമ്പത്തിൽ 33 ശതമാനം അമിത മത്സ്യബന്ധനത്തിന് വിധേയമായതായും. 60 ശതമാനം പരമാവധി ഉപയോഗിച്ച് കഴിഞ്ഞതായുള്ള റിപ്പോർട്ടുണ്ട്.




ഈ മേഖലയുടെ നിലനിൽപ്പിന് അന്താരാഷ്ട്ര നീക്കങ്ങൾ ശക്തമാക്കേണ്ടതിലേക്ക് വേൾഡ് വൈഡ്ഫണ്ട്ഫോർനേച്ചർ(WWFEPO)റിപ്പോർട്ട് വിരൽ ചൂണ്ടുന്നു. 1982ൽ ഐക്യരാഷ്ട്രസഭ നടത്തിയ സമ്മേളനത്തിൽ രൂപമെടുത്ത നയങ്ങളാണ് ഈ മേഖലയിൽ സമുദ്രാതിർത്തിയുമായി ബന്ധപ്പെട്ട അടിസ്ഥാന നയരേഖയായി മാറിയിട്ടുള്ളത്. അമേരിക്ക ഒഴിച്ച് 150 ഓളം രാജ്യങ്ങൾ ഈ നയരേഖ ഈ മേഖലയിൽ അടിസ്ഥാന നയരേഖയായി അംഗീകരിച്ചിട്ടുണ്ട്.

ഇന്ത്യ മത്സ്യ ഉൽപ്പന്ന കയറ്റുമതിയിൽ മുൻപന്തിയിലാണ്. കയറ്റുമതിയുടെ 5% മത്സ്യസമ്പത്താണ്. 590 km കടൽത്തീരമുള്ള കേരളം രാജ്യത്തിന്റെ മൊത്തം മത്സ്യ ഉൽപ്പാദനത്തിൽ 25 ശതമാനം കയ്യാളി കൊണ്ട് ഒന്നാം സ്ഥാനത്തു നിൽക്കുന്നു. ഓരോ വർഷവും ബഹു കോടികളുടെ വിദേശനാണ്യം ആണ് ഈ രംഗത്ത് കേരളം ആർജ്ജിക്കുന്നത്.

കേരള തീരത്ത് സുലഭമായി ലഭിക്കുന്ന മത്സ്യമാണ് മത്തി. 2012 ൽ നാല് ലക്ഷം ടൺ മത്തിയാണ് കേരള തീരത്ത് നിന്ന് കിട്ടിയിരുന്നത്. അത് 2017 ൽ 60000 ടണ്ണായും, 2018 ൽ 40000 ടണ്ണായും മത്തി കുറഞ്ഞതായി കാണാം. ഇത് വിരൽ ചൂണ്ടുന്നത് കേരളതീരത്തെ അശാസ്ത്രീയവും, അനിയന്ത്രിതവുമായ മീൻ പിടുത്തത്തിലേക്കാണ്. ഇത് കേരളത്തിലും വ്യാപകമാണെന്ന് വ്യക്തം. ഒരു യൂണിറ്റ് (പൊലപ്പ്) മത്സ്യം അശാസ്ത്രീയത മൂലം നശിച്ചാൽ അതിന്റെ അഞ്ചിരട്ടി കുറവാണ് വരുംവർഷം സംഭവിക്കുന്നത്.

നമ്മൾ ശക്തമായി നടപ്പിലാക്കിവരുന്ന മൺസൂൺ കാല ട്രോളിംഗ് നിരോധനം സമുദ്ര സംരക്ഷണ പ്രവർത്തനങ്ങളിൽ ഏറെ ഫലപ്രദമാണ് എന്ന് കണക്കുകൾ വ്യക്തമാക്കുന്നു. പ്രജനന സന്നദ്ധരായ മത്സ്യങ്ങളെ പിടിക്കുന്നത് തടഞ്ഞു സ്വാഭാവിക ഉൽപാദനം നടത്തുന്നതിനാണ് യന്ത്രവൽകൃത ട്രോളിംഗ് നിരോധനം നടപ്പിലാക്കപ്പെട്ടത്. മൺസൂൺ കാല ട്രോളിംഗ് നിരോധനം നടപ്പിലാക്കപ്പെട്ട 1988 – 2008 കാലത്തെ മത്സ്യ ഉൽപ്പാദന കണക്കും നിരോധനം നടപ്പിലാക്കും മുമ്പുണ്ടായ മത്സ്യ ഉൽപ്പാദന കണക്കും പരിശോധിച്ചാൽ ട്രോളിംഗ് നിരോധനത്തിന് ശേഷം 24.8 ശതമാനം മത്സ്യ ഉൽപാദന വർധനവ് ഉണ്ടായതായി കാണാം. ചെമ്മീൻ വർഗ്ഗത്തിൽപ്പെട്ട ആഴക്കടൽ മത്സ്യങ്ങളുടെ പുനരുജ്ജീവനത്തിന് ട്രോളിംഗ് നിരോധനം വലിയ പങ്കുവഹിക്കുന്നതായി കണക്കുകൾ വ്യക്തമാക്കുന്നു. സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ പോലുള്ള സംഘടനകൾക്ക് ഈ രംഗത്ത് ഒരുപാട് കാര്യങ്ങൾ ചെയ്യാൻ കഴിയും.

ഫാ. ജോയ് അറയ്ക്കൽ



# ദാമ്പത്യവും സഭയുടെ കാഴ്ചപ്പാടും

വിവാഹംവഴിവ്യക്തികൾതങ്ങൾക്കുണ്ടാകുന്ന മക്കളെ വിശ്വാസ ജീവിതത്തിൽ വളർത്തിയെടുക്കുവാനാണ് സഭ ആഹ്വാനം ചെയ്യുന്നത്. കുടുംബ ജീവിതത്തിന്റെ അർത്ഥം കണ്ടെത്തി ജീവിക്കുവാനും, ക്രിസ്തുവിൽ നല്കപ്പെടുന്ന കൃപ സ്വീകരിച്ചുകൊണ്ട് പരസ്പരം സമർപ്പിച്ച സ്നേഹത്തിൻറെ കൂട്ടായ്മ ലോകത്തിനു മുന്നിൽ കാഴ്ച വക്കുവാനും ദമ്പതികൾക്കു സാധിക്കണം. അങ്ങനെ ഭൂമിയിൽ സുന്ദരമായ സ്വർഗ്ഗം തീർക്കുവാൻ വിവാഹമെന്ന കൂദാശ മനുഷ്യനെ സഹായിക്കുന്നു.

ദമ്പതികളുടെ ഈ ഒത്തുചേരൽ ആരോഗ്യത്തിലും അനാരോഗ്യത്തിലും സുഖത്തിലും ദുഃഖത്തിലും സമ്പത്തിലും ദാരിദ്ര്യത്തിലും പരസ്പരം ശക്തിപ്പെടുത്തി തങ്ങളുടെ കഴിവും സമയവും ത്യാഗവും സ്നേഹവും എല്ലാം പങ്കുവെച്ചുകൊണ്ട് ജീവിതത്തിലെ എല്ലാ മേഖലകളെയും സ്പർശിക്കുന്ന ഒരു കൂട്ടായ്മയിലേക്ക് വളരണം.

ദമ്പതികൾ ഉപാധികളില്ലാതെ തങ്ങളെ പരസ്പരം സമർപ്പിക്കുമ്പോൾ ദൈവം അവരെ മാതാപിതാക്കൾ എന്ന മഹനീയ സ്ഥാനത്തേക്ക് കൈപി ടിച്ചുയർത്തുന്നു. വിശ്വാസജീവിതത്തിൽ അർപ്പിതമായ ദാമ്പത്യത്തിൽ നിന്ന് ധാരാളം നന്മ നിറഞ്ഞ മക്കൾ ഉണ്ടാകണമെന്ന് സഭ ആഗ്രഹിക്കുന്നു. അതിനാൽത്തന്നെ പ്രധാനമായും സഭ വിരൽചൂണ്ടുന്നത് ധാർമികമായ സമീപനത്തിനാണ്. വ്യക്തമായി പറഞ്ഞാൽ വസ്തുനിഷ്ഠമായ ധാർമ്മിക നിയമങ്ങളുടെ അടിസ്ഥാനത്തിൽ സാമൂഹ്യവും ജനസംഖ്യാബന്ധിതവും ദമ്പതികളുടെ ജീവിത സാഹചര്യവും കണക്കിലെടുത്ത് വിവേകത്തോടും ഉത്തരവാദിത്വത്തോടും കൂടി തങ്ങളുടെ സ്വാതന്ത്ര്യം ഈ വിഷയത്തിൽ വിനിയോഗിക്കണം. അങ്ങനെ എടുക്കുന്ന ഉചിതമായ തീരുമാനങ്ങൾ നന്മ നിറഞ്ഞ മക്കൾ ഉൾക്കൊള്ളുന്ന മഹത്വമാർന്ന കുടുംബത്തിന് അടിത്തറപാകുന്നു.

അണുകുടുംബത്തിൽ നിന്ന് ധാരാളം മക്കളുള്ള കുടുംബങ്ങളെ തെരഞ്ഞെടുക്ക



ണമെന്ന് തന്നെയാണ് ജോൺപോൾ മാർപാപ്പ നമ്മെ ഓർമ്മപ്പെടുത്തുന്നത്. തങ്ങളുടെ വിവാഹ വിളിക്കനുസരിച്ച് ദൈവീക പദ്ധതി യോട് കൂടുതലായി സഹകരിച്ച് ധാരാളം കുഞ്ഞുങ്ങൾക്ക് ജന്മം നൽകുവാൻ ഓരോ ദമ്പതികൾക്കും സാധിക്കണം. ഇതിനായി പരിശു ദ്ധാത്മാവിന്റെ നിറവ് എല്ലാ ദമ്പതികളുടെ മേലും ഉണ്ടായിരിക്കണമെന്നും സഭ വ്യക്ത മാക്കുന്നു. ഇപ്പോൾ ജനിച്ച കുഞ്ഞുങ്ങളു ടേയും ഭാവിയിൽ ജനിക്കാനിരിക്കുന്ന കുഞ്ഞു ങ്ങളുടെയും നന്മയും ജീവിത സാഹചര്യ ങ്ങളും, ഭൗതികവും ആത്മീയവുമായ പരിത സ്ഥിതികളും മനുഷ്യൻ കൈക്കൊള്ളണം.

നാളെയുടെ പ്രതീക്ഷയായ കുഞ്ഞു ങ്ങൾ ജനിക്കാനിരിക്കുന്നതിനെതിരായി ചെയ്യുന്ന എല്ലാ പ്രവർത്തികൾക്കും സഭ എതി രാണ്. അങ്ങനെയുള്ള ആ പ്രവർത്തി കളെ സഭ ഒരു തരത്തിലും പിന്തുണയ്ക്കു ന്നില്ല മാതൃത്വവും പിതൃത്വവും ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കു ചേരുവാൻ ദമ്പതിക ൾക്ക്ദൈവംനൽകുന്നസവിശേഷമായഅവകാശ മാണ്. ആയതിനാൽ തന്നെ അത് ദൈവത്തോട് ചേർന്ന് നിറവേറ്റുമ്പോൾ യഥാർത്ഥത്തിൽ ലോകത്തിനുമുന്നിൽ ദൈവത്തിലുള്ള വിശ്വാ സവും ഭക്തിയും അവർ പ്രഖ്യാപിക്കുക യാണ് ചെയ്യുന്നത്. ഈ തിരിച്ചറിവുള്ള ദമ്പതികൾ തീർച്ചയായും തങ്ങളുടെ പിതൃത്വവും മാതൃ ത്വവും അമൂല്യമായ ദാനമായി കാണും. അങ്ങനെ സഭയുടെ ദൈവവിശ്വാസത്തിന്റെ വലിയ കാവൽ ക്കാരായി ദമ്പതികൾ മാറുകയുംചെയ്യുന്നു.




അന്ന കെ.ജെ 8 A

ജോളി അമ്മാർ
കൊച്ചീക്കാരൻ വീട്ടിൽ



# ദൈവകരങ്ങളിലെ കാരുണ്യത്തിന്റെ പെൻസിൽ...

വിശുദ്ധ മദർ തെരേസ

ദൈവകാരുണ്യത്തിന്റെ മാലാഖ... അതെ ലോകം മുഴുവൻ പാടിപ്പുകഴ്ത്തിയ നാമം... നന്മ ചെയ്തുകൊണ്ട് ഭാരതത്തിലുടനീളം നടന്നു നീങ്ങിയ ജീവിക്കുന്ന വിശുദ്ധയെന്ന് ലോകം വിളിച്ച മദർ തെരേസ കാരുണ്യത്തിന്റെ നേർക്കാഴ്ചയാണ്.

മാസിഡോണിയയിലെ അൽബേനിയൻ കുടുംബത്തിലാണ് ജനനം. അന്നത്തെ

പേര് ആഗ്നസ് എന്നായിരുന്നു. പന്ത്രണ്ടാം വയസ്സിൽ എല്ലാം ദൈവത്തിനു സമർപ്പിച്ച ആഗ്നസ് സന്യാസിനി ആകാൻ തീരുമാനിച്ചു .1922 അയർലിൽ ലൊറേറ്റ കോൺവെന്റിൽ ഒരു സന്യാസിനിയായി ചേർന്നു .ലോകം കണ്ട ഏറ്റവും വലിയ പ്രേഷിതയായ വിശുദ്ധ കൊച്ചുത്രേസ്യയുടെ പേര് സ്വീകരിച്ചു. സിസ്റ്റർ തെരേസ എന്ന പേരിൽ ആദ്യ വ്രതവാഗ്ദാനം നടത്തി.

ഒരു അദ്ധ്യാപികയുടെ വിളിയാണ് ആദ്യം സ്വീകരിച്ചത്. നഗരത്തിലും അതിന്റെ പ്രാന്തപ്രദേശങ്ങളിലും ചീഞ്ഞുനാറുന്ന ഓടകളും ,ദരിദ്രരുടെ ചേരികളിൽ താമസിക്കുന്ന രോഗികളുടെ വേദനിപ്പിക്കുന്ന മുഖങ്ങളും, മദർതെരേസയെ മറ്റൊരു ദൈവവിളിയിലേക്കു നയിച്ചു. മനുഷ്യരുടെ ഇടയിൽ പങ്കുചേരാതെയുള്ള സന്യാസജീവിതം നിരർത്ഥകമാണ് എന്ന് മദർ മനസ്സിലാക്കി. 1946 സെപ്റ്റംബർ 10ന് പാവപ്പെട്ടവർക്ക് വേണ്ടി വേദനിക്കുന്ന ഹൃദയവുമായി മദർ സന്യാസ ധ്യാനത്തിനായി പുറപ്പെട്ടു. അങ്ങനെ ഡാർജിലിങ്ങിലേക്കുള്ള ട്രെയിനിൽ യാത്ര ചെയ്യുമ്പോഴാണ് ലോകത്തെ മുഴുവൻ കാരുണ്യത്തിൽ നിറയ്ക്കാനുള്ള വിളിയിലേക്ക് മദർ തെരേസ നയിക്കപ്പെട്ടത്.

വിശക്കുന്നവരിലും ദാഹിക്കുന്നവരിലും രോഗിയിലും കാരാഗൃഹവാസിയിലും ഭവനരഹിതരിലും പരദേശിയിലും ക്രിസ്തുവിനെ കണ്ടെത്താനുള്ള വിശാലഹൃദയത്തിന്റെ ഉറവിടമായിരുന്നു മദർതെരേസ. ഒരായിരം മനുഷ്യർക്ക് ചെയ്തു തീർക്കാവുന്ന പുണ്യം മുഴുവനും ഒരു ജന്മം കൊണ്ട് ഈ ഭൂമിയിൽ പൂർത്തിയാക്കിയ വിശുദ്ധയാണ് മദർ തെരേസ.

1948 ൽ പാവങ്ങളെ ശുശ്രൂഷിക്കാനായി സ്റ്റേറ്റ് ഗവൺമെൻറ് ചേരിയിലേക്ക് മദർ ഇറങ്ങിത്തിരിച്ചു. ദരിദ്രരും നിരാലംബരുമായ പട്ടിണിപ്പാവങ്ങൾ അവളെ അമ്മയെന്ന് ആദര



വോടെ വിളിച്ചു. അമ്മയുടെ ശുശ്രൂഷയിൽ ആയിരക്കണക്കിന് ജനങ്ങൾ ആകൃഷ്ടരായിത്തീർന്നു. ശുശ്രൂഷയെന്ന വെല്ലുവിളി ഏറ്റെടുക്കാൻ പലരും മുന്നോട്ടുവന്നു. 'ഈ ചെറിയവരിൽ ഒരുവന് നിങ്ങൾ ചെയ്യുന്ന സഹായം എനിക്ക് വേണ്ടി ചെയ്യുന്നതാണെന്ന്' തിരുവചനം അമ്മയുടെ ജീവിതത്തിന്റെ കാരുണ്യപാദങ്ങളെ മുന്നോട്ടു നയിച്ചു കൊണ്ടിരുന്നു.

ജന്മം കൊണ്ട് അൽബേനിയനും പൗരത്വം കൊണ്ട് ഭാരതീയനും ജീവിതംകൊണ്ട് കത്തോലിക്കാ സന്യാസിയുമാണ് താനെന്ന് മദർ തെരേസ പറയുമായിരുന്നു. മുൻസിപ്പാലിറ്റിയിലെ തൂപ്പുകാർ ധരിക്കുന്ന നീലക്കരയുള്ള മൂന്നു സാരിയും ഒരു ചെറിയ കുരിശും ജപമാലയും ബൈബിളും ഒപ്പം സമ്പാദ്യമായി അഞ്ചു രൂപയുമാണ് മദർ എപ്പോഴും കരുതിയിരുന്നത്. ജാതി മത വർഗ്ഗ വർണ്ണ വിവേചനങ്ങൾക്ക് അതീതമായി മനുഷ്യനെന്ന സത്യത്തെയും അവരുടെ ദുഃഖങ്ങളെയും വിലമതിപ്പിക്കാൻ മദർ പഠിപ്പിച്ചു. മഹാത്മാ ഗാന്ധിക്ക് ശേഷം കാരുണ്യത്തിന്റെ ജീവസാക്ഷ്യമായി മാറിയ മദർ തെരുവോരങ്ങളിൽ കിടക്കുന്ന കുഷ്ഠരോഗികളെയും, അനാഥരേയും തേടിനടന്ന് ശുശ്രൂഷിക്കുകയും കാരുണ്യത്തിന്റെ കൈകൾ നീട്ടി അവരെയെല്ലാം തന്നോട് ചേർത്തു പിടിക്കുകയും ചെയ്തു. ഇരുളിലും മരണത്തിന്റെ നിഴലിലും കഴിഞ്ഞിരുന്ന ജനങ്ങൾക്ക് ജീവിതത്തിൽ ഒരു പുതിയ പ്രകാശമായി മദർ മാറി.

ആയിരത്തി തൊള്ളായിരത്തി എൺപതിൽ മിഷനറീസ് ഓഫ് ചാരിറ്റി എന്ന സന്യാസസമൂഹം രൂപംകൊണ്ടു. അന്നും നന്മയെ എതിർക്കുന്നവർ ധാരാളമായി ഉണ്ടായിരുന്നു. ആദ്യനാളുകളിൽ സംശയദൃഷ്ടിയോടെ നോക്കിക്കണ്ടിരുന്ന ആളുകൾ മദർതെരേസയുടെ കാരുണ്യപ്രവർത്തനങ്ങളുടെ പ്രചാരകരായി പിന്നീട് മാറി. വാർത്താമാധ്യമങ്ങൾ അവളെ ലോകത്തിലെ കാരുണ്യത്തിന്റെ മാലാഖ എന്നു വിളിച്ചു. 1978 ൽ സമാധാനത്തിനുള്ള നോബൽ സമ്മാനം നൽകി ലോകം മദറിനെ ആദരിച്ചു. ലോകമാകെ മദർ തെരേസക്കു മുന്നിൽ ശിരസ്സു നമിച്ചു. പിന്നീട് അനേകം ബഹുമതികളും മദറിനെ തേടിയെത്തി.

നീണ്ട വർഷങ്ങളിലെ വിശ്രമമില്ലാത്ത കഠിനാധ്വാനം മദറിനെ ശാരീരികമായി തളർത്തി. 1997 സെപ്റ്റംബർ അഞ്ചാം തീയതി ലക്ഷക്കണക്കിന് ജനങ്ങൾക്ക് ശാന്തിയും പ്രത്യാശയും പകരുവാൻ ഒരായുസ്സ് മുഴുവൻ അധ്വാനിച്ച മദർതെരേസയുടെ പുണ്യാത്മാവ് ഭൗതികദേഹം വിട്ട് സ്വർഗ്ഗത്തിലേക്ക് പറന്നുയർന്നു. കൽക്കത്തയിലെ മദറിന്റെ വസതിക്കു മുന്നിൽ രാജ്യം ഒന്നാകെ വിതുമ്പി നിന്നു. 36 രാജ്യങ്ങളിലെ രാഷ്ട്രത്തലവന്മാർ മദറിന്റെ അന്ത്യയാത്രക്ക് സാക്ഷികളായി നിന്നു. അന്ത്യയാത്രക്കായി ഭാരത സർക്കാർ രാഷ്ട്രപിതാവിന്റെ ഭൗതികദേഹം വഹിച്ച അതേ വാഹനം ഉപയോഗിച്ചു. രാജ്യം എല്ലാ ബഹുമതികളോടുകൂടി സന്യാസത്തിന്റെ വിശുദ്ധ വസ്ത്രത്തിന് മുകളിൽ ദേശീയ പതാക പുതപ്പിച്ച് നിറമിഴികളോടെ ഭാരതപുത്രിയെ യാത്രയാക്കി.

പാവങ്ങളുടെ അമ്മയും കാരുണ്യത്തിന്റെ മാലാഖയുമായ മദർതെരേസയെ 2003 ൽ വാഴ്ത്തപ്പെട്ടവളായി വിശുദ്ധ ജോൺ പോൾ മാർപാപ്പ പ്രഖ്യാപിച്ചു. 2016 സെപ്റ്റംബർ നാലിന് ചരിത്രപ്രസിദ്ധമായ സെന്റ് പീറ്റേഴ്സ് ബസിലിക്ക അങ്കണത്തിൽ വച്ച് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ മദർ തെരേസയെ വിശുദ്ധയായി പ്രഖ്യാപിച്ചു. നമ്മുടെ ഭാരതം അങ്ങനെ ധന്യമായിത്തീർന്നു. ഒരു മെഴുകുതിരിയിൽ നിന്ന് ഒരാ യിരം തിരികൾ തെളിഞ്ഞു നിൽക്കുന്നത് പോലെ ഒരു മദർതെരേസയിൽ നിന്ന് ഒരായിരം തെരേസമാർ ഉണ്ടാവട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

പി.ആർ. കുഞ്ഞച്ചൻ.



# തീരനിയന്ത്രണ മേഖല വിജ്ഞാപനം 2019 ഭവന നിർമ്മാണത്തിലെ പ്രതിസന്ധികൾ

പരമ്പരാഗത തീരവാസികളുടെയും മത്സ്യത്തൊഴിലാളികളുടെയും ജീവസന്ധാരണ മാർഗ്ഗങ്ങൾ പരിപോഷിപ്പിക്കുന്നതിനും തീരത്തിന്റെ സുസ്ഥിര വികസനം ലക്ഷ്യമിട്ട് കൊണ്ടും ഭൗമതാപ വർദ്ധന മൂലമുള്ള പ്രകൃതിദുരന്തങ്ങളെ ചെറുക്കാൻ ലക്ഷ്യമിട്ടു കൊണ്ടും ഭാരത സർക്കാർ പാസാക്കിയ 1986 ലെ പരിസ്ഥിതി സംരക്ഷണ നിയമം വകുപ്പ് 3 ഉപവകുപ്പ് 2 പ്രകാരമാണ് തീരമേഖല നിയന്ത്രണ വിജ്ഞാപനം ആദ്യമായി 1991 ൽ ഇന്ത്യയിൽ പ്രാബല്യത്തിൽ വരുന്നത്. ടി വിജ്ഞാപനത്തിലെ അപാകതകൾ പരിഹരിച്ചുകൊണ്ടാണ് 2011 പുതിയ വിജ്ഞാപനം പ്രാബല്യത്തിൽ വരുന്നത്. 2011ലെ വിജ്ഞാപനത്തിൽ വികസന നിരോധന മേഖല (NDZ) ഇന്ത്യയിൽ എല്ലായിടത്തും കടൽത്തീരത്തു നിന്ന് കരഭാഗത്തേക്ക് 200 മീറ്റർ ആയി നിശ്ചയിച്ചിരുന്നു. നിയന്ത്രണം ബാധകമായ ഉൾനാടൻ ജലാശയ പ്രദേശങ്ങളിൽ NDZ തീരത്തു നിന്ന് 100 മീറ്റർ ആയും നിശ്ചയിച്ചിരുന്നു. എന്നാൽ കേരളത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് മത്സ്യത്തൊഴിലാളി ഭവനങ്ങളുടെ നിർമ്മാണം 100 മീറ്ററിനു വെളിയിൽ അനുവദിച്ചിരുന്നു.ഈ കാലയളവിൽ കേരളമടക്കമുള്ള സംസ്ഥാനങ്ങൾ മുന്നോട്ടുവച്ച ഭേദഗതികൾ പരിഗണിച്ചു

കൊണ്ടാണ് 18.01.2019 ൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം GSR 37 (E)പ്രകാരം പുതിയ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്.

### 2019 ലെ വിജ്ഞാപനത്തിന്റെ പ്രത്യേകതകൾ

മേൽ രണ്ട് വിജ്ഞാപനങ്ങളിൽ നിന്ന് വ്യത്യസ്തമായി CRZ ബാധകമായ കടൽത്തീര പ്രദേശങ്ങളിൽ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ രണ്ടു വ്യത്യസ്ത മേഖലകളായി തിരിച്ചു കൊണ്ട്വ്യത്യസ്തമായ രീതിയിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി എന്നുള്ളതാണ്. ഇപ്രകാരം നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയപ്പോൾ 2011 ലെ നിലവിലുള്ള സെൻസസ് രേഖകൾ പ്രകാരം ഒരു ചതുരശ്രകിലോമീറ്ററിൽ 2161 ജനസംഖ്യ ഉള്ള പ്രദേശങ്ങളെ CRZ IIIA എന്നും മേൽ ജനസാന്ദ്രത ഇല്ലാത്ത പ്രദേശങ്ങൾ CRZ IIIB എന്നും വർഗ്ഗീകരിച്ചു. CRZ IIIA യിൽ വരുന്ന പ്രദേശങ്ങളിൽ വികസന നിരോധിത മേഖല 50 മീറ്റർ ആയി തീരുമാനിച്ചു. അതായത് വേലിയേറ്റ രേഖയിൽ നിന്ന് കര ഭാഗത്തേക്ക് 50 മീറ്റർ വരെയുള്ള ഭാഗത്ത് നിർമ്മാണ നിരോധന മേഖലയായി നിജപ്പെടുത്തിയെന്നർത്ഥം. എന്നാൽ 2161 ജനസംഖ്യ ഇല്ലാത്ത പ്രദേശങ്ങളിൽ വികസന നിരോധന മേഖല വേലിയേറ്റ രേഖയിൽ നിന്ന് 200 മീറ്റർ വരെയാക്കി നിജപ്പെടുത്തി എന്നുള്ളതാണ് നമ്മെ ബാധിക്കുന്ന ഏറ്റവും വലിയ പ്രശ്നം. ഇപ്രകാരം ആലപ്പുഴ ജില്ലയിൽ പെടുന്ന കോടംതുരുത്ത്, പട്ടണക്കാട് ,തുറവൂർ, മാരാരിക്കുളം വടക്ക്, പുന്നപ്ര തെക്ക്, അമ്പലപ്പുഴ വടക്ക് തുടങ്ങിയ പഞ്ചായത്തു പ്രദേശങ്ങൾ ഉൾപ്പെടുന്ന വില്ലേജുകൾ CRZ IIIB കാറ്റഗറിയിൽ ആണ് . മേൽ പറഞ്ഞ പഞ്ചായത്തുകളിൽ 200 മീറ്റർ വരെയുള്ള ഭാഗത്ത് ഭവനം അടക്കമുള്ളവ നിർമിക്കുന്നതിന് നിയന്ത്രണം നിലവിലുണ്ട്. എന്നാൽ ഈ വിജ്ഞാപനത്തിലെ പാരഗ്രാഫ് 5 .3 (ii) (a) നിർമ്മാണ നിരോധിത മേഖലയിൽ



പോലും മത്സ്യത്തൊഴിലാളികൾക്കും പരമ്പരാഗത തീരവാസികൾക്കും ആവശ്യമായ ദുരന്ത പ്രതിരോധ സംവിധാനങ്ങൾ ഉൾപ്പെടുത്തിയുള്ള ഭവനങ്ങൾ നിർമ്മിക്കുന്നതിനു അനുവാദം നൽകാവുന്നതാണ് എന്നുള്ള വ്യവസ്ഥ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട് എന്നത് ആശ്വാസകരമാണ്. ആയതിനാൽ നിലവിലുള്ള വീട് നിർബന്ധപൂർവം വിട്ടൊഴിയേണ്ടുന്ന സാഹചര്യം ഇല്ല . വികസന നിരോധന മേഖലയിൽ താമസിക്കുന്നവർക്കുപോലും അംഗീകരിച്ചിട്ടുള്ള വീടിന്റെ തറ വിസ്തീർണ്ണത്തിൽ അധികരിക്കാത്ത വിധത്തിൽ ഭവനങ്ങൾ പുനർ നിർമ്മിക്കാൻ അനുവാദമുള്ളതിനാൽ ലൈഫ് ഭവന നിർമ്മാണം ഉൾപ്പെടെയുള്ള പദ്ധതി പ്രകാരം അപേക്ഷ നൽകാവുന്നതാണ്. ഉദാഹരണം 50 മീറ്ററിനുള്ളിൽ അംഗീകരിക്കപ്പെട്ട (1991 ന് മുൻപ് നിർമ്മിച്ച വീട് നമ്പർ ലഭിച്ചത്) വീടുകൾ അതേ

തറ വിസ്തീർണ്ണത്തിൽ പുനർനിർമ്മിക്കുവാൻ അനുവാദം നൽകാവുന്നതാണ്.

### അനധികൃത കെട്ടിടങ്ങൾ

തീര നിയന്ത്രണ വിജ്ഞാപനം, പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, തണ്ണീർത്തട നികത്തൽ നിരോധന നിയമം തുടങ്ങിയ ലംഘിച്ച് നിർമ്മിച്ചതായി കണ്ടെത്തിയ വീടുകൾക്ക് U/A എന്ന നമ്പർ നൽകി മൂന്ന് ഇരട്ടി കരം ഈടാക്കി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയവ ടി നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി പ്രത്യേക അപേക്ഷ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നൽകി നിയമപ്രകാരം ക്രമീകരിക്കേതുണ്ട്.

### 2019 ലെവിജ്ഞാപനം പ്രാബല്യത്തിൽ വന്നോ ?,

പുതിയ വിജ്ഞാപനം 18.01.2019 ൽ പുറപ്പെടുവിച്ചുവെങ്കിലും ആയത് പ്രാബല്യ ത്തിൽ വരുവാൻ ഓരോ സംസ്ഥാനവും ടി വിജ്ഞാപനത്തിലെ വ്യവസ്ഥകൾക്ക് അനുസൃത മായി ഒരു തീരമേഖലപരിപാലന പദ്ധതി (CZMP) പ്രത്യേക ഏജൻസി മുഖേന തയ്യാറാക്കുകയും പ്രദേശവാസികളുടെ അഭിപ്രായം സ്വരൂപിച്ച് കേന്ദ്ര സർക്കാരിൽ നിന്ന് അംഗീകാരം തേടേ തായിട്ടുണ്ട്. കേരളത്തിൽ NCESS എന്ന കേന്ദ്ര സർക്കാർ സ്ഥാപനം വഴി തീര നിയന്ത്രണ മേഖല പരിപാലന പദ്ധതി തയ്യാറാക്കുകയും പബ്ലിക് ഹിയറിംഗ് നടപടികൾ പുരോഗമിക്കുകയും ചെയ്തു വരുന്നു. ആയത് പൂർത്തിയാക്കി കേന്ദ്ര സർക്കാർ അംഗീകരിക്കുന്ന മുറയ്ക്ക് പുതിയ വിജ്ഞാപനം നിലവിൽ വരും.

### പുതിയ വിജ്ഞാപന പ്രകാരം അനുവദനീയമായ നിർമ്മാണങ്ങൾ

CRZ IIIA മേഖലയിൽ

1) 50 മീറ്ററിന് കിഴക്ക് ഭാഗത്ത് 3000 ചതുരശ്ര അടി വരെ വലിപ്പമുള്ള വീടുകൾ
2) ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ



3) റോഡ് നിർമ്മാണം
4) കൃഷി, മൃഗസംരക്ഷണം, ഫോറസ്ട്രി, പാർക്കു കൾ തുടങ്ങിയവ
5) ആശുപത്രി, സ്കൂളുകൾ, മഴസംഭരണി, പാലങ്ങൾ, പൊതുശുചി മുറി
6) മത്സ്യത്തൊഴിലാളികളുടെ മത്സ്യ ഉണക്കൽ, ലേല ഹാൾ, വല നിർമ്മാണം, വള്ളം നിർമ്മാണകേന്ദ്രം , ഐസ് പ്ലാന്റ് , മത്സ്യ ശീതീകരണം തുടങ്ങിയവ.

മേൽ പ്രകാരം അനുവാദം നൽകുമ്പോഴും CRZ നിയന്ത്രണങ്ങൾ ബാധകമായ തീരത്തു നിന്ന് കരയിലേയ്ക്ക് 500 മീറ്റർ വരെയുള്ള പ്രദേശത്ത് കടമുറികൾ, വ്യാപാരശാലകൾ, തുടങ്ങിയവയ്ക്ക് നിർമ്മാണ അനുമതി നൽകാൻ വ്യവസ്ഥയില്ല എന്നത് ശ്രദ്ധേയമാണ്. വിശാലമായ ഈ കേന്ദ്ര സർക്കാർ വിജ്ഞാപനത്തെ സംബന്ധിച്ച് എല്ലാ മേഖലയെയും ഉൾക്കൊള്ളിച്ചുള്ള പൂർ ണ്ണരൂപത്തിലുള്ള ലേഖനം പ്രസിദ്ധീകരിക്കുന്നത് പ്രയാസമാകയാൽ സംശയ നിവാരണം തുടർ ലക്കങ്ങളിൽ നൽകുന്നതാണ്.

സിസ്റ്റർ ബ്രിജിറ്റ് ജോസഫ്
ലിസ്യൂക്സ് നിവാസ്,അർത്തുങ്കൽ



# വിശുദ്ധ യൗസേപ്പിതാവ്

ഒരു പിതാവിന്റെ സ്നേഹത്തിന്റെ ഉദാത്തമായ മാതൃകയാണ് വിശുദ്ധ യൗസേപ്പിതാവ് .വിശുദ്ധ ഗ്രന്ഥത്തിൽ വിശുദ്ധ യൗസേപ്പിതാവിന്റെ യാത്ര ആരംഭിക്കുന്നത് സ്വപ്നത്തിലെ ദർശനത്തിൽ നിന്നാണ്. ഒരു തച്ചനായി സാധാരണ ജീവിതം നയിച്ച ഔസേപ്പിതാവ് സ്വപ്നത്തിൽ വെളിവാക്കപ്പെട്ട ദർശന പ്രകാരം പരിശുദ്ധ മറിയത്തെ ഭാര്യയായി സ്വീകരിക്കുകയും ഉണ്ണീശോയെ എല്ലാവിധ ആപൽക്കരമായ സാഹചര്യങ്ങളിൽ നിന്നും ഒരു വിശ്വസ്ത ദാസനെ പോലെ സംരക്ഷിക്കുകയും ചെയ്തു. വിശുദ്ധ യൗസേപ്പിതാവിന്റെ വിശ്വസ്തതയും

അനുസരണയും ആണ് സഭാ മക്കളായ നാം മാതൃകയായി സ്വീകരിക്കേണ്ടത്.

യേശുനാഥന്റെ സ്നേഹപ്രവാഹത്തിന്റെ കാവൽക്കാരനായ വിശുദ്ധ യൗസേപ്പ് വിവേകപൂർവം പ്രവർത്തിച്ചുകൊ് ക്രിസ്തുവിന്റെ രക്ഷാകര ദൗത്യത്തിൽ പങ്കുചേർന്നു. വിശുദ്ധ യൗസേപ്പിതാവിന് പരിശുദ്ധ മറിയത്തോടും ഉണ്ണീശോയോടുള്ള സ്നേഹവും കരുതലും എളിമയെന്ന പുണ്യത്തിന്റെ മഹാത്മ്യം എടുത്തുകാട്ടുന്നു. നാം മറ്റുള്ളവരോട് കരുണയുള്ളവർ ആയിരിക്കണമെന്നും സ്നേഹത്തിന്റെ നൈർമ്മല്യത മറ്റുള്ളവർക്ക് പകർന്നു കൊടുക്കണമെന്നും വിശുദ്ധ യൗസേപ്പിതാവിന്റെ ജീവിത മാതൃക നമുക്ക് കാണിച്ചു തരുന്നു. മറ്റുള്ളവരെ മനസ്സിലാക്കുവാനും ഓരോ മനുഷ്യരും അവർ ആയിരിക്കുന്ന അവസ്ഥയിൽ തന്നെ അംഗീകരിക്കുവാനും നാം ശ്രമിക്കണം എന്ന മഹത്തായ സന്ദേശമാണ് യൗസേപ്പിതാവിലൂടെ നമുക്ക് ലഭിക്കുന്നത്.

ജീവിതമാകുന്ന യാത്രയിൽ നേരിടേണ്ടി വരുന്ന പ്രശ്നങ്ങളിൽ നിന്നും ദുഃഖപൂരിതരായ അവസ്ഥയിൽ നിന്നും ഓടിയകലാതെ ജീവിതത്തെ അതിന്റെ എല്ലാ യാഥാർഥ്യത്തോടും കൂടെ സ്വീകരിക്കുവാനും ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കുവാനും വിശുദ്ധ യൗസേപ്പിതാവ് നമ്മോട് ആഹ്വാനം ചെയ്യുന്നു. ഒത്തിരി അനുഗ്രഹങ്ങളാൽ സമ്പന്നൻ ആയിരുന്നിട്ടും ഒരു സാധാരണക്കാരനെപ്പോലെ ജീവിച്ച വ്യക്തിയാണ് യൗസേപ്പിതാവ്. തന്നെ ഏൽപ്പിച്ച കുടുംബത്തെ വിശ്വസ്തതയോടെ സ്നേഹിച്ച കുടുംബനാഥനാണ് വിശുദ്ധ യൗസേപ്പിതാവ്. ആ നിഷ്കളങ്ക സ്നേഹത്തെയാണ് ദൈവം തന്റെ രക്ഷാപ്രവർത്തനം നിറവേറ്റുവാൻ നിയോഗിക്കുന്നത്. ഉൽക്കണ്ഠയും ആകുലതയും നിറഞ്ഞ ജീവിതത്തിലും വിശുദ്ധ യൗസേപ്പിതാവ് പ്രാർത്ഥനയിലൂടെ ശക്തിയാർജിച്ചു. ദൈവ മക്കളായ



നാമോരോരുത്തരും ദൈവീകമായ രക്ഷാകര പദ്ധതിയിലേക്കാണ് വിളിക്കപ്പെട്ടിരിക്കുന്നത്. ക്രിസ്തുനാഥനുമായി ഗാഢമായ ബന്ധം സ്ഥാപിച്ചു കൊണ്ട് ക്രിസ്തുവിന്റെ സ്നേഹം മറ്റുള്ളവരുടെ ജീവിതത്തിന് പ്രകാശമായി മാറുവാൻ സാധിക്കുമെന്നാണ് വിശുദ്ധ യൗസേപ്പിന്റെ ജീവിതം നമ്മെ ഓർമ്മപ്പെടുത്തുന്നത്.

നമ്മുടെ വിശ്വാസ വളർച്ചയുടെ യാത്രയിൽ നമ്മുടെ ജീവിതം പൂർണ്ണമായും ക്രിസ്തുവിന് സമർപ്പിച്ചുകൊണ്ട് മുന്നോട്ട് പോകുവാൻ വിശുദ്ധ യൗസേപ്പിതാവിന്റെ ജീവിതം നമുക്ക് വഴിവിളക്കായിത്തീരട്ടെ .

.

ഡോമിറ്റിൽഡ മേരി




# ദൈവത്തിന്റെ ചാരന്മാർ

സോഷ്യൽ മീഡിയ വൻ തരംഗമായി മാറുന്ന ആധുനിക കാലത്ത് നവ മാധ്യമത്തിലൂടെ തന്നെ വേറിട്ട ശബ്ദമായി മാറിയ ജോസഫ് അന്നംകുട്ടി ജോസ് എന്ന RJ യുടെ ഹൃദയം തൊടുന്ന അനുഭവ കഥകളാണ് ദൈവത്തിന്റെ ചാരന്മാർ എന്ന പുസ്തകം.

അദ്ദേഹത്തെ അറിയാത്ത യുവജനങ്ങൾ ആരും ഇല്ലെന്ന് തന്നെ പറയാം. അത്രയും ആഴത്തിൽ തന്റെ ജീവിത വീക്ഷണങ്ങളെ എല്ലാവരുടെയും ഹൃദയത്തിൽ പതിപ്പിക്കാൻ ദൈവത്തിന്റെ കയ്യൊപ്പ് ചാർത്തപ്പെട്ട ഒരു ചാരൻ തന്നെയാണ് ജോസഫ് അന്നംകുട്ടി ജോസ് എന്ന് നിസംശയം പറയാം!

കുമ്പസാരം എന്ന ആദ്യകഥയിൽ തന്നെ ആ അദൃശ്യമായ ദൈവിക സാന്നിധ്യം നിങ്ങൾക്ക് അനുഭവിച്ചറിയാൻ കഴിയും!

ഇതിലെ ഓരോ കഥകളും ഓരോ അനുഭവങ്ങളാണ്, ജോപ്പൻ എന്ന ഒരു സാധാരണ ചെറുപ്പക്കാരന്റെ ജീവിതാനുഭവങ്ങൾ! പക്ഷെ

ഓരോ കഥയും നമ്മോട് പറയുന്ന അതിലും വലിയ ഒരു സന്ദേശം അതിൽ ഉൾക്കൊള്ളുന്നുണ്ട്! താൻ കാണുന്ന ഓരോ മനുഷ്യനിലും ദൈവത്തിന്റെ പദ്ധതി ഒളിഞ്ഞിരിപ്പുണ്ടെന്ന് എഴുത്തുകാരൻ വെളിപ്പെടുത്തുന്നു.

തന്നെ കുറച്ചു കൂടി നല്ല മനുഷ്യനായി മാറ്റുവാൻ ദൈവം ജീവിതത്തിലേക്ക് അയച്ച കുറച്ചു മനുഷ്യരെ അയാൾ ഹൃദയം കൊണ്ട് ഓർത്തെടുക്കുകയാണ്. അതിൽ മാതാപിതാക്കൾ, കൂടപ്പിറപ്പുകൾ, അധ്യാപകർ, തുടങ്ങി അപരിചിതർ വരെ ഉണ്ട്.

ജോപ്പന്റെ ഭാഷയിൽ തന്നെ പറഞ്ഞാൽ, ഈ പുസ്തകം വായിച്ചു തീരുമ്പോഴേക്കും നിങ്ങൾ സ്വന്തം ജീവിതത്തിലേക്ക് ഒരു ബൈനോക്കുലറുമായി ഇറങ്ങി എന്നിരിക്കും. നമ്മുടെ ജീവിതത്തിൽ ദൈവം അയച്ച ആ ചാരന്മാരെ കണ്ടെത്താൻ.

അതിൽ നമ്മെ സ്നേഹിച്ചവരും, മുറിവേൽപ്പിച്ചവരും എല്ലാമുൾപ്പെടും. നല്ല അനുഭവങ്ങൾക്ക് നന്ദി പറയാനും വേദനകളിൽ പ്രത്യാശ കാത്തു സൂക്ഷിക്കാനും ജോപ്പൻ നമ്മെ ഓർമ്മപ്പെടുത്തുന്നു. തീർച്ചയായും ജീവിതത്തിൽ ഒരു തവണ എങ്കിലും വായിച്ചിരിക്കേണ്ട ഒരു പുസ്തകം തന്നെ ആണിത്. ജീവിതം കുറച്ചു കൂടി നന്മകൾ കൊണ്ട് നിറയ്ക്കാൻ ഇത് നിങ്ങൾക്കൊരു സഹായി ആവും!


ജോസഫ് അന്നംകുട്ടി ജോസിന്റെ talks കേട്ടവർക്ക് ഈ പുസ്തകം വായിക്കുമ്പോഴും അദ്ദേഹം നമ്മോട് സംസാരിക്കുന്ന അതേ അനുഭവം ആണ് ഉണ്ടാവുക. ഒരു മേശയ്ക്കപ്പുറം നമ്മെ നോക്കി അനുഭവങ്ങൾ പങ്കിടുന്ന ഒരു സുഹൃത്തിനെപ്പോലെയാണ് അദ്ദേഹം തന്റെ അനുഭവത്തെ മുന്നോട്ട് കൊണ്ടു പോകുന്നത്.

ദൈവത്തിന്റെ ചാരന്മാർ നമുക്ക് ചുറ്റിലും ഉണ്ട്. വെറുതെ ഒന്ന് ഹൃദയം കൊണ്ടു നോക്കിയാൽ അവരെ നിങ്ങൾ കണ്ടെത്തിക്കൊണ്ടേയിരിക്കും ജോപ്പനെ പോലെ....

VOX SANT' ANDREA

Contact Details

St. Andrew's Basilica, Arthunkal,
Arthunkal P.O., Cherthala,
Alappuzha - 688530
Kerala. Ph: 9400152374
E-mail: arthunkalbasilica2010@gmail.com
Youtube: Arthunkal Basilica
www.arthunkalbasilica.com



സ്റ്റാലിൻ വി എ

# വിദ്യാഭ്യാസം കേരളത്തിൽ

കോവിഡ് മഹാമാരി മൂലം രാജ്യം ലോക് ഡൗൺ ആയിരുന്ന ആദ്യ നാളുകളിൽ ദേശീയ തലത്തിൽ കേന്ദ്ര ഇലക്ട്രോണിക്സ് വിവര സാങ്കേതികമന്ത്രാലയംവിവിധസംസ്ഥാനങ്ങളിലെ അധ്യാപകരെയും കുട്ടികളെയും പങ്കെടുപ്പിച്ച് കൊണ്ട് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഫോർ റസ്പോൺസിബിൾ യൂത്ത് എന്ന മേഖലയിൽ ഒരു ഓൺലൈൻ ശില്പശാല നടത്തിയപ്പോൾ കേരളം ഒഴികെ ഒരു സംസ്ഥാനത്തും കുട്ടികൾക്ക് ക്ലാസ്സ് കയറ്റം കിട്ടിയതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലായെന്ന വസ്തുത മനസ്സിലായി.

കേരളത്തിൽ നടക്കുന്ന ഓൺലൈൻ വിദ്യാഭ്യാസത്തെ സമഗ്രമായി അപഗ്രഥിക്കുകയല്ല, മറിച്ചു അതിന്റെ സാധ്യതകളും പോരായ്മകളും സ്പർശിച്ച പോകുക മാത്രമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. കേരളത്തിൽ എപ്പോൾ സ്കൂൾ തുറക്കും എന്നതിനെ കുറിച്ച് ഒരു വ്യക്തതയും ഇപ്പോഴും ഇല്ല. എല്ലാ വിദ്യാർത്ഥികൾക്കും ഈ വിദ്യാഭ്യാസം എത്രത്തോളം സാധ്യമാണ് എന്നതിനാണിവിടെ പ്രസക്തി. ഇന്റർനെറ്റ് സൗകര്യങ്ങൾ ഉള്ള മൊബൈൽ ഫോൺ, ലാപ്ടോപ്,സാങ്കേതികമായ അറിവ്, വീട് നൽകുന്ന പിന്തുണഎത്രമാത്രംഎന്നതെല്ലാംഅറിയേതുണ്ട്. ആദ്യമേ തന്നെ ഗൗരവപൂർണമായ അത്തരം ചില ആലോചനകളിലേക് നമുക്ക് കടക്കാം.ഓർഗനൈസേഷൻ ഫോർ ഇക്കണോമിക്സ് കോപ്പറേഷൻ ആൻഡ് ഡെവലപ്പ്മെന്റ് (OECD)വിദ്യാഭ്യാസവിഭാഗം തലവനായ ആൻഡ്രയൂസ് സ്ലെയ്ച്ചർ (ആൻഡ്രയൂസ് schleicher ന്റെ അഭിപ്രായത്തിൽ 'വിദ്യാഭ്യാസത്തെ സമ്പൂർണമായി ഡിജിറ്റൽ വത്കരിക്കുന്നതിനുള്ള സാഹചര്യം ആണ് കൊറോണകാലത്തെവിദൂരപഠനത്തിന്കൂടുതൽ (Remotelearning)സാധ്യതയേകുന്നത്എന്നാണ്. വിദ്യാഭ്യാസത്തെക്കുറിച്ച് അർത്ഥവത്തായ നിരീ

ക്ഷണങ്ങൾ നടത്താൻ കെല്പുള്ള പ്രമുഖ വ്യക്തികൾ പോലും ഈ നിരീക്ഷണത്തിൽ എത്തുമ്പോൾ നാം ഇപ്പോൾ എത്തി നിൽക്കുന്ന ഡിജിറ്റൽ വിദൂര പഠനം അധ്യാപകരും വിദ്യാർത്ഥികളും തമ്മിലുള്ള വൈകാരിക ബന്ധത്തിന്റെ വളർച്ച കൂടി വ്യക്തമാക്കുന്നു.

എല്ലാ കുട്ടികൾക്കും ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമല്ല എന്നതായിരുന്നു നാം നേരിട്ട ഏറ്റവും വലിയ വെല്ലുവിളി. അതിനായി നമ്മുടെ പൊതു വിദ്യാലയങ്ങളുമായി ബന്ധപ്പെട്ട് നിരീക്ഷിച്ചാൽ ഏതൊക്കെ കുട്ടിക്ക് ഫോൺ ഉണ്ട്, ഫോൺ ആർക്കൊക്കെ ലഭ്യമാവും, ആർക്കൊക്കെ ഇല്ല എന്നതിനെ കുറിച് ശാസ്ത്രീയമായ ഒരു സർവ്വേ നടത്തിയെടുക്കുകയാണ് ആദ്യം ചെയ്തത്.


ഈ സർവ്വേയിലൂടെ വ്യക്തമായത് ഡിജിറ്റൽ പഠനം സ്ഥിര വരുമാനമുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാക്കില്ല എന്നതാണ്. അടിസ്ഥാന പരമായി സ്കൂളിന്റെ പാഠ്യേതര പ്രവർത്ത നങ്ങളിൽ മുന്നോട്ട് പോവേണ്ടി വരുന്ന വിദ്യാർത്ഥികളുണ്ട്. അത്തരം വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ ഉപകരണങ്ങളുടെയും ഇന്റർനെറ്റ് ലഭ്യതയുടെയും അടിസ്ഥാനത്തിൽ അവരുടെ യഥാർത്ഥ കഴിവിനെ പുറത്തു കൊണ്ടുവരുന്നതിൽ പല തടസ്സങ്ങളും വരുന്നുണ്ട്. സ്കൂൾ പശ്ചാത്തലത്തിൽ നിന്ന് അധ്യാപകരുടെയും രക്ഷകർത്താക്കളുടെയും സഹായത്തോടെ വിദ്യാർത്ഥികൾ സ്വായത്തമാക്കേ പല നൈപുണ്യങ്ങളും ഡിജിറ്റൽ പഠനത്തിൽ നഷ്ടമാകുന്ന കാഴ്ച വളരെ ദു:ഖകരമാണ്. സാമൂഹിക വൈകാരിത സാഹചര്യങ്ങളും വിദൂര പഠനത്തിലൂടെ സാധ്യമല്ലാതെ വരുന്നു.

കുട്ടികളുടെ ഫോൺ അഡിക്ഷൻ രക്ഷകർത്താക്കളുടെ തീരാതലവേദന ആയി ഇതിനകം മാറിട്ടുണ്ട്. കുട്ടികൾ സൈബർ കെണികളിൽ പെടുന്നതായി ഉള്ള വാർത്തകൾ നമ്മുക്ക് സുപരിചിതം ആയി കഴിഞ്ഞിരിക്കുന്നു.



സ്കൂളിൽ പ്രവർത്തിക്കുന്ന കൗൺസിലിങ് സംവിധാനത്തിന് ഇപ്പോൾ വിശ്രമം ഇല്ലാതെ ഇടപെടേണ്ടി വരുന്നത് പ്രശ്നത്തിന്റെ ഗുരുതര സ്ഥിതിയിലേക് വിരൽ ചൂണ്ടുന്നുണ്ട്. കുട്ടികൾക്കു ഉത്തരവാദിത്തബോധത്തോടെ ഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ പരിശീലനം കൊടുക്കുകയും ഉപകരണങ്ങളുടെ നന്മതിന്മകളുടെ യാഥാർത്ഥ്യം മനസ്സിലാക്കി ജീവിതത്തിന്റെ മുതൽക്കൂട്ടാക്കി ഈ ഉപകരണങ്ങൾ ഉപയോഗിക്കുന്ന രീതിയിലേക്ക് കുട്ടികളെ വളർത്തുകയാണ് ഇന്ന് നാം ചെയ്യേണ്ടത്

ലിസ്സി ജോസ് ലിൻ
കോയിൽപ്പറമ്പിൽ



# ജോസഫ് എന്ന നക്ഷത്രം

ജ്വലിച്ചിടും നക്ഷത്രമായി
വിശുദ്ധിതൻ  കാവലാളായി
നീതിസൂര്യനായി തിരുസ്സഭയിൽ
മാറിടുന്നവൻ ജോസഫ്.

ദൈവദൂതൻ വിളിക്ക് മറുവാക്കില്ലാതെ
കന്യയാം മേരിയെ ചേർത്തു പിടിച്ച്
കുടുംബത്തിൻ മുന്നേ
നടന്നവൻ ജോസഫ്.

അദ്ധ്വാനത്തിൻ വിയർപ്പിനാൽ
സ്നേഹത്തിൻ സുഗന്ധത്താൽ
വിശുദ്ധമാം കുടുംബത്തിന്
അന്നമായിത്തീ ർന്നവൻ ജോസഫ്

അമ്മക്കും ഉണ്ണിക്കും കാവലായ് നീങ്ങിടും
ജീവിതത്തിൽ കുടുംബത്തിൽ
വ്യഥകളെല്ലാം കനലു  പോലെരിയുന്ന
നെഞ്ചിൽ ചേർത്തു പിടിച്ചവൻ ജോസഫ്.

മൗനസ്നേഹമായി, മരത്തിന്മേൽ
അദ്ധ്വാനത്തിൻ സംഗീതമായി,
വിശുദ്ധസുഗന്ധമായി, നസ്രത്തിലെ
നീതിസൂര്യനായി ത്തീർന്നവൻ ജോസഫ്

മരണമെത്തുന്ന  നേരത്തും
അന്ത്യമാം നിമിഷത്തിലും
ദിവ്യനാം ഉണ്ണിയെ പിരിയുന്ന ദു:ഖം
നെഞ്ചോട് ചേർത്തുപിടിച്ചവൻ ജോസഫ്.

വിശ്വസ്തനാംകാവലാളായ്,
കാരുണ്യമായി, ദൈവദാസനായി
വിശുദ്ധമാം ജീവിതം
നയിച്ചവൻജോസഫ്.

# കുഞ്ഞൻ തുമ്പിയും പനിനീർപ്പൂവും



ഒരിടത്ത് ഒരു മലയുടെ താഴ്‌വാരത്തിൽ ഒരു വീടുണ്ടായിരുന്നു. ആ വീട്ടിൽ മിന്നു എന്നു പേരുള്ള ഒരു കുട്ടിയുണ്ടായിരുന്നു. ഒരിക്കൽ മിന്നുക്കുട്ടി ഒരു റോസാച്ചെടി നട്ടു. അതൊരു പനീർ റോസാച്ചെടിയായിരുന്നു. അവൾ ആ ചെടിക്ക് വെള്ളവും വളവും എല്ലാം ദിവസേന കൊടുത്തു കൊണ്ടിരുന്നു. അങ്ങനെ പനിനീർച്ചെടി വേഗം വളർന്നു .കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ അത് വലിയൊരു ചെടിയായി മാറി. അതിൽ നല്ല ഭംഗിയുള്ള പൂക്കൾ വിടർന്നു. നല്ല ഭംഗിയുള്ള പൂക്കളെക്കണ്ടപ്പോൾ മിന്നുക്കുട്ടി കൂടുതൽ വെള്ളവും വളവും കൊടുത്തു.

അങ്ങനെ കുറച്ചുനാൾ കഴിഞ്ഞപ്പോൾ അവിടെ പുതിയ ഒരാൾ വന്നു! അതാണ് കുഞ്ഞുതുമ്പി! കുഞ്ഞുതുമ്പി നോക്കിയപ്പോൾ നല്ല ഭംഗിയുള്ള റോസാപ്പൂ നിൽക്കുന്നു. കുഞ്ഞുതുമ്പി പനിനീർപൂവിന്റെ അടുത്തുചെന്ന് "നിനക്ക് എന്റെ കൂടെ കളിക്കാൻ കൂടാമോ" എന്ന് ചോദിച്ചു.കുഞ്ഞു തുമ്പിയുടെ ആ ചോദ്യം പനിനീർപൂവിന് വളരെ സന്തോഷമായി. അങ്ങനെ രണ്ടു പേരും കൂട്ടുകാരായി.

കുഞ്ഞു തുമ്പി പനിനീർപൂവിന്റെ അടുത്തുചെന്ന് എപ്പോഴും തേൻ കുടിക്കും. ഒരിക്കൽ ഈ പനിനീർപ്പൂവിന്റെ അടുത്ത് കുഞ്ഞു തുമ്പി ചെന്നപ്പോൾ ഒരു കാര്യം ഉണ്ടായി. തന്റെ എല്ലാമായ പനിനീർപ്പൂവ് ഇതാ നിലത്ത് കൊഴിഞ്ഞു കിടക്കുന്നു. അതിന്റെ ഭംഗിയെല്ലാം നഷ്ടപ്പെട്ടതു തുമ്പിക്ക് സങ്കടമായി. എങ്കിലും ചെടിയുടെ അടുത്ത് നിന്നു മാറ്റുവാൻ കുഞ്ഞു തുമ്പിക്ക് മനസ്സുവന്നില്ല. ഇതെല്ലാം ശ്രദ്ധിച്ചിരുന്ന മീന്നുക്കുട്ടിക്ക് സങ്കടംവന്നു. അപ്പോൾ മിന്നുക്കുട്ടിയുടെ മുത്തശ്ശി പറഞ്ഞു. 'ഒരു റോസാപ്പൂവ് പോകുമ്പോൾ മറ്റൊരു റോസാപ്പൂവ് അവിടെ വിരിയും പൂക്കളുടെ ജീവചക്രം അങ്ങനെയാണ്. ഇതു കേട്ടപ്പോൾ മിന്നുക്കുട്ടിക്കും കുഞ്ഞു തുമ്പിക്കും സന്തോഷമായി. അങ്ങനെ കുറച്ചു ദിവസം കഴിഞ്ഞപ്പോൾ മുത്തശ്ശി പറഞ്ഞതുപോലെ ആ ചെടിയിൽ ഒരു പനിനീർപ്പൂവ് വിരിഞ്ഞു. കുഞ്ഞു തുമ്പിയും വീണ്ടും പനിനീർപ്പൂവുമായി കൂട്ടുകൂടി. റോസാപ്പൂ മിന്നുക്കുട്ടിയോടും കുഞ്ഞു തുമ്പിയോടുംപറഞ്ഞു'കൂട്ടുകാരെവിഷമിക്കേണ്ട ,ഞങ്ങൾ പൂക്കൾ നിങ്ങളെ ആനന്ദിപ്പിച്ച് ഇങ്ങനെ കടന്നു പോകം. കുഞ്ഞു തുമ്പിയും മിന്നുക്കുട്ടിയും പനിനീർ റോസാപ്പൂവും പാട്ടുകൾ പാടിയും കളിച്ചും സന്തോഷിച്ച് ദിവസങ്ങൾ നീക്കി. കുഞ്ഞുതുമ്പി പനിനീർപൂവ് കൊഴിഞ്ഞു പോയിട്ടും ചെടിയെ വിട്ടു പോയില്ല. അടുത്ത പനിനീർപ്പൂവിന്റെ വരവും കാത്ത് കുഞ്ഞു തുമ്പി ഇരുന്നു. ഇതാണ് പ്രിയരേ യഥാർത്ഥ കൂട്ടുകെട്ട്

നിസിയ ഗ്രേസ് രാജേഷ്
Std.VI B

# ഉണക്കമരം



വഴിവക്കിലന്നാ മരത്തിന്റെ ചുണ്ടുകൾ
വിക്കിവിക്കിക്കൊണ്ടെന്തോ പുലമ്പുന്നു.
തോളിലിരുന്ന് കുശലം പറഞ്ഞൊരാ
കിളിയും ചിറകടിച്ചകന്നീടുന്നു.

തണൽക്കുടക്കീഴിൽ ആടിത്തിമിർത്തൊരാ
കുഞ്ഞിക്കിടാങ്ങളിന്നന്യരായ്.
അത്യുഷ്ണ നേരത്ത് ആശ്വാസമേകിയ
ഇളംതെന്നലെവിടെയോ പോയ്മറഞ്ഞു.

പച്ചിലത്തൊപ്പിയിൽ നാദം മുഴക്കിയ
മഴക്കാറിൻ കണ്ണുനീർത്തുള്ളി വറ്റി.
ധനുമാസത്തിലെ പ്രിയതോഴനാമെന്റെ
മഞ്ഞിൻ കണമിന്ന് വാർന്നൊഴിഞ്ഞു.

സമൃദ്ധി നിറഞ്ഞൊരാ ഭൂതകാലത്തിലെ
കണ്ണാടിച്ചില്ലുമുടഞ്ഞുപോയോ?
കമ്മലില്ലാക്കാതിൽ ആരോ മൊഴിഞ്ഞയ്യോ!
സൗന്ദര്യമൊക്കെയും നഷ്ടമായി.

അങ്ങിനെ വ്യാകുലപ്പെട്ടങ്ങു നിന്നപ്പോൾ
പെട്ടെന്നൊരു തരിപ്പുള്ളിലേക്ക്.
നൊക്കുമ്പോഴതാ പച്ചപ്പിൻ മൊട്ടുകൾ
ഉണക്കമരത്തിന്മേൽ പടരുന്നേരം.

വറുതിക്കൊടുവിലെ ചാകര പോലൊരു
കുളിർമഴ ഹൃദയത്തിൽ പെയ്തിറങ്ങി.
ഒരു കാലമെന്നെന്നും നിലനിൽക്കുകയില്ല
ഇക്കാലമത്രയും കടന്നുപോകും.

അലോഷ്യസ് ജോസഫ്
സെന്റ് ഫ്രാൻസീസ് അസ്സീസ് HSS അർത്തുങ്കൽ

# ST. ANDREW'S BASILICA BCC, MONTH: September, 2021

| BCC No. | ANIMATORS | DATE | BCC No. | ANIMATORS | DATE |
|---|---|---|---|---|---|
| A-1 | Antachan | 1/9 | B-1 | Amar | 10/9 |
| A-2 | Sebastian | 1/9 | B-2 | Sunil | 10/9 |
| A-3 | Augustine | 1/9 | B-3 | Joy | 10/9 |
| A-4 | Joseline | 1/9 | B-4 | Augustine | 10/9 |
| A-28 | Joy | 2/9 | B-5 | Antachan | 13/9 |
| A-5 | Xavier | 2/9 | B-6 | Joseline | 13/9 |
| A-6 | Josukuttan | 2/9 | B-7 | Seasth | 13/9 |
| A-7 | Amar | 2/9 | B-8 | Jolly Amar | 13/9 |
| A-8 | Sunil | 3/9 | B-9 | Xavier | 14/9 |
| A-9 | Seasth | 3/9 | B-10 | Amar | 14/9 |
| A-10 | Antachan | 3/9 | B-11 | Sebastian | 14/9 |
| A-11 | Jolly Amar | 3/9 | B-12 | Joy | 14/9 |
| A-12 | Sebastian | 6/9 | B-13 | Josukuttan | 15/9 |
| A-13 | Augustine | 6/9 | B-14 | Sunil | 15/9 |
| A-14 | Joseline | 6/9 | B-15 | Joseline | 15/9 |
| A-15 | Joy | 6/9 | B-16 | Seasth | 15/9 |
| A-16 | Xavier | 7/9 | B-17 | Antachan | 16/9 |
| A-17 | Josekuttan | 7/9 | B-18 | Augustine | 16/9 |
| A-18 | Amar | 7/9 | B-19 | Xavier | 16/9 |
| A-19 | Sunil | 7/9 | B-20 | Jolly Amar | 16/9 |
| A-20 | Jolly Amar | 8/9 | B-21 | Josukuttan | 17/9 |
| A-21 | Seasth | 8/9 | B-22 | Joseline | 17/9 |
| A-22 | Joseline | 8/9 | B-23 | Joy | 17/9 |
| A-23 | Joy | 8/9 | B-24 | Sunil | 17/9 |
| A-24 | Augustine | 9/9 | B-25 | Seasth | 20/9 |
| A-25 | Antachan | 9/9 | B-26 | Sebastian | 20/9 |
| A-26 | Xavier | 9/9 | B-27 | Augustine | 20/9 |
| A-27 | Josekuttan | 9/9 | | | |

BASIC CHRISTIAN COMMUNITIES DIOCESE OF ALLEPPEY

# സ്നേഹ സമൂഹം

## കുടുംബങ്ങളുടെ കൂട്ടായ്മ

## യൗസേപ്പിതാവിന്റെ വർഷം




ബുള്ളറ്റിൻ 304 "സമാധാനത്തിൻെറ ദൈവം നിങ്ങളുടെ കൂടെയുണ്ടായിരിക്കും" 2021 സെപ്റ്റംബർ

### സെപ്റ്റംബർ മാസത്തെ ചർച്ചയും പ്രവർത്തനങ്ങളും

1. ആലപ്പുഴ രൂപത പ്ലാറ്റിനം ജൂബിലിയിലേക്ക്- ചരിത്രമറിഞ്ഞ് അഭിമാനിക്കാം.
2. വിലയിരുത്തലും വിചിന്തനങ്ങളുമായി പദ്ധതികൾ രൂപീകരിക്കാം.
3. പ്രാർത്ഥനയും പ്രവർത്തനങ്ങളുമായി 5 വർഷങ്ങൾക്കായൊരുങ്ങാം.

**വചനവായനയ്ക്ക് ആമുഖം** : "ഇനിയും നാം വളരെ കാര്യങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു. സാമ്പത്തീക അവശതകൾ അനുഭവിക്കുന്ന നാം ആദ്യമായി സാമുഹ്യ പരാധീനതകൾക്കു പരിഹാരം കാണുവാൻവേണ്ടി നമ്മുടെ വിദ്യാഭ്യാസ മണ്ഡലം ഇനിയും പുരോഗമിപ്പിക്കേണ്ടിയിരിക്കുന്നു. മനുഷ്യൻ മനുഷ്യനായി ഉയരണമെങ്കിൽ വിദ്യാഭ്യാസം അത്യന്താപേക്ഷിതമാണ്. അതോടൊപ്പം നമ്മുടെ സാമ്പത്തീക മണ്ഡലവും വികസിപ്പിക്കേണ്ടതുണ്ട്. എന്നാൽ ഇതിനുള്ള മാർഗ്ഗങ്ങൾ നാം കണ്ടെത്തേണ്ടിയിരിക്കുന്നു. എന്നാൽ പുരോഗതിയിലേക്കുള്ള പ്രയാണത്തിൽ നമ്മുടെ ആദ്ധ്യാത്മിക മണ്ഡലത്തിന്റെ നിലവാരം കുറയുവാൻ ഒരിക്കലും അനുവദിക്കരുത്. അതാണ് ഏറ്റവും ഉദാത്തമായിട്ടുള്ളത്. "**(മറുപടി പ്രസംഗം, ജൂബിലേറിയൻ തിരുമേനി, രജത ജൂബിലി സ്മരണിക, പേജ് 29).**

45 വർഷങ്ങൾക്കുമുമ്പ് അഭിവന്ദ്യ മൈക്കിൾ ആറാട്ടുകുളം പിതാവിലൂടെ പങ്കുവയ്ക്കപ്പെട്ട നിയോഗങ്ങളിൽ ലഭിച്ച വളർച്ചയ്ക്ക് നന്ദി പറയാം ഈ ദർശനങ്ങൾക്കൊപ്പം ഇന്നിന്റെ ആവശ്യങ്ങളും വെല്ലുവിളികളും കൂട്ടിചേർക്കുവാൻ കൃതജ്ഞതയോടെ മനസ്ഥൈര്യം നേടുവാൻ വചനം ശ്രവിക്കാം.

**വചന വായന : ഫിലിപ്പിയർ 4 : 4 – 9 രണ്ടുപേർ വായിക്കുന്നു. നിശബ്ദമായി ധ്യാനിച്ചതിനുശേഷം സ്വാധീനിച്ച** വാക്യം ഓരോരുത്തരായി പങ്കുവയ്ക്കുക - (എല്ലാവരും ഒരുപ്രാവശ്യം പങ്കുവയ്ക്കുന്നത് ഉചിതം)

**വചന വിശകലനം –** ⋆ എപ്രകാരമാണ് സന്തോഷിക്കേണ്ടത്? ⋆ യാചനകൾ ദൈവസന്നിധയിൽ അർപ്പിക്കേണ്ടത് എപ്രകാരമാണ്? ⋆ ധാരണകൾ അതിലംഘിക്കുന്നതെങ്ങിനെ? ⋆ ഏതെല്ലാം കാര്യങ്ങളെക്കുറിച്ചാണ് ചിന്തിക്കേണ്ടത്? സമാധനത്തിന്റെ ദൈവം കൂടെയുണ്ടായിരിക്കുന്നതെപ്പോൾ? ⋆ പഠിച്ചതും സ്വീകരിച്ചതും കേട്ടതും എന്നിൽ കണ്ടതും നിങ്ങൾ ചെയ്യുവിൻ - രജത ജൂബിലികാലയളവിൽ നിന്നുമെന്തെല്ലാം പഠിച്ചു പ്രാവർത്തീകമാക്കിയെന്നും ഇനിയും ചെയ്യാനുള്ളവയ്ക്കുള്ള ക്രീയാത്മക ചർച്ചകൾക്ക് വേദിയൊരുക്കുക.

**ചർച്ചയ്ക്കും പ്രവർത്തനങ്ങൾക്കും** : **1. ചരിത്രമറിഞ്ഞ് അഭിമാനിക്കാം** : അഭിവന്ദ്യ പീറ്റർ ചേനപ്പറമ്പിൽ പിതാവ് രജത ജൂബിലി സ്മരണികയുടെ ചീഫ് എഡിറ്ററായിരുന്നുകൊണ്ട് കുറിച്ച വരികളും വാക്കുകളും ഇന്നും പ്രസ്ക്തവും വെല്ലുവിളിയുമായി നിലകൊള്ളുന്നു. " നല്ല നാളെകളെ പ്രതീക്ഷിക്കാത്ത മനുഷ്യരില്ല. എല്ലാ രംഗങ്ങളിലും ശോഭനഭാവി കിനാവു കണ്ടുകൊണ്ടു സാഹസിക സംരഭങ്ങൾപോലും നടത്തുവാൻ മനുഷ്യഹൃദയങ്ങൾ വെമ്പൽ കൊള്ളുന്നില്ലേ? ആ മോഹങ്ങൾ യാഥാർത്ഥ്യങ്ങളായി രൂപമെടുക്കണമെങ്കിൽ ഇന്നിന്റെ പരിതസ്ഥികളെക്കുറിച്ചും പ്രശ്നങ്ങളെക്കുറിച്ചും അവബോധമുണ്ടായിരിക്കണം.. ഭൂതകാല സംഭവഗതികളെക്കുറിച്ച് സാമാന്യപരിജ്ഞാനമാർജിച്ചിരിക്കുകയും വേണം. പോയകാലങ്ങളിലെ പാളിച്ചകളുടെ ഓർമ ഭാവിയിലെ അപകടങ്ങൾ ഒഴിവാക്കാൻ സഹായിക്കുകയും മുമ്പുനടന്ന പരിശ്രമങ്ങളിൽ നിന്നുള്ള ഉത്തേജനം ഭാവിസംരഭങ്ങൾക്ക് ആക്കം കൂട്ടുകയുംചെയ്യും.

'സഭകളും സംഘടനകളു'മെന്നഭാഗത്തുള്ള ആലപ്പുഴ രൂപതയിലിന്നു പ്രവർത്തിക്കുന്ന ഭക്തസന്യാസ സാമുഹ്യ സംഘടനകളേയും ലേഖനഭാഗത്തു രൂപതയിലെ വിവിധങ്ങളായ പ്രശ്നങ്ങളേയും അവയെ ആധികാരികമായി ചിത്രീകരിക്കാനാവുന്നവരുടെ തൂലികയിൽകൂടി അവതരിപ്പിച്ചിരിക്കുകയാണ്. ആലപ്പുഴ രൂപതയ്ക്ക് നല്ല നാളെകളെ നെയ്തെടുക്കുവാൻ തങ്ങളുടെ ജിവിതത്തിലെന്തെങ്കിലും ചെയ്യണമെന്നഭിലഷിക്കുന്നവർക്കു ഈ വരങ്ങളിൽനിന്നും ഒരു കർമപരിപാടിയുടെ രൂപരേഖ കുറിച്ചെടുക്കാമെന്നാണ് പ്രതീക്ഷ **(സ്മരണികയുടെ പൊരുൾ, രജത ജൂബിലി സ്മരണിക, എഡിറ്റോറിയൽ, ചീഫ് എഡിറ്റർ, ബിഷപ്പ് പീറ്റർ എം. ചേനപ്പറമ്പിൽ.)**

**2. വിലയിരുത്തലും വിചിന്തനങ്ങളുമായി പദ്ധതികൾ രൂപീകരിക്കാം.** "കത്തോലിക്ക തിരുസഭയിലെ ഒരു പ്രത്യേക ഭരണഘടകമെന്ന നിലയിൽ ആലപ്പുഴ രൂപതയുടെ ചരിത്രം ആരംഭിക്കുന്നത് 1952 -ലാണ്. 1952 ജൂൺ 19-നു-യാണ് "**ഏയ റെദേംപ്തോറിസ് വെർബ**" എന്ന ബൂളാ മുഖാന്തിരം പരിശുദ്ധ പിതാവ് പീയൂസ് പന്ത്രണ്ടാമൻ തിരുമനസ്സുകൊണ്ട് മുൻ കൊച്ചി രൂപതയെ രണ്ടു രൂപതകളായി വിഭജിക്കുകയും ചെയ്ത്. വടക്കു ഭാഗം കൊച്ചി എന്ന പേരു തുടരുകയും തെക്ക് പുതിയ മെത്രാസനത്തിന്റെ ആസ്ഥാനമായ ആലപ്പുഴയുടെ പേരിൽ അറിയപ്പെടുകയും ചെയ്യുന്നു. ആലപ്പുഴ രൂപതയുടെ അതിർത്തികൾ പടിഞ്ഞാറ് അറബിക്കടലും കിഴക്ക് വേമ്പനാട്ടു കായലിന്റെ മദ്ധ്യത്തിലൂടെ പള്ളാത്തുരുത്തി യാറുവഴി അതിന്റെ തെക്കുകിഴക്കേയറ്റത്തുള്ള വീയപുരത്തേയ്ക്ക് നീളുന്നതായി വിഭാവനം ചെയ്യാവുന്ന രേഖയും വടക്കു കുത്തിയതോടും തെക്കു തോട്ടപ്പള്ളിയുമാണ്. അതിർത്തിക്കുവെളിയിൽ കണ്ടക്കടവു ഫൊറോനയുടെ കീഴിലുള്ള പള്ളികൾകൂടി ആലപ്പുഴയ്ക്കുണ്ട്."(**ആലപ്പുഴ രൂപത**, രജതജൂബിലി സ്മരണിക, പേജ് 15.) രൂപത ജൂബിലി സ്മരണികകളും മെത്രാഭിഷേക സ്മരണികകളും, അഭിവന്ദ്യ മൈക്കൾ ആറാട്ടുകുളം തിരുമേനിയുടെ രചനകളും രൂപതയുടെ ചരിത്രരേഖകളായി മുന്നിലുണ്ട്. ചരിത്രത്തിന്റെ തുടർച്ചയായി, അഭിവന്ദ്യ ജയിംസ് റാഫേൽ ആനാപറമ്പിൽ പിതാവിനോടൊപ്പം പ്ലാറ്റിനം ജൂബിലി (70 മുതൽ 75 വരെ)യിലേക്കെത്തുമ്പോൾ പുതിയ ചരിത്ര രേഖകൾ ശേഖരിച്ച് അവയെല്ലാം ലിഖിത രൂപത്തിൽ സൂക്ഷിക്കുകയും ചെയ്യാം. ജൂബിലി കാലയളവിലെ അഞ്ചുവർഷത്തേക്കുള്ള പദ്ധതികൾ ഓരോ കുടുംബത്തിൽ നിന്നാരംഭിച്ച് രൂപതയാകമാനമെത്തുന്ന ഒരു പുറപ്പാട് അനുഭവത്തിലേക്ക് പ്രവേശിക്കാനൊരുങ്ങാം.

**3. പ്രാർത്ഥനയും പ്രവർത്തനങ്ങളുമായി 5 വർഷങ്ങൾക്കായൊരുങ്ങാം.**: സ്നേഹസമുഹങ്ങൾ കേന്ദ്രീകരിച്ച്, മഹാമാരിയുടെ പശ്ചാത്തലത്തിലുള്ള പ്രോട്ടോക്കോൾ അനുസരിച്ചുള്ള പ്രവർത്തനങ്ങൾക്കായി ചർച്ചയും തീരുമാനങ്ങളുമുണ്ടാകണം

1. ആത്മീയ ശക്തീകരണം : വ്യക്തി, കുടുംബം, കൂട്ടായ്മ എന്നീതലങ്ങളിൽ നവീകരണം ഉണ്ടാകണം. സ്നേഹസമൂഹങ്ങൾ നേതൃത്വമെടുത്ത് ഇടവകയിൽ ദിവ്യകാരുണ്യ സന്നിധിയിൽ ആരാധനയും മധ്യസ്ഥ പ്രാർത്ഥനയും ക്രമീകരിക്കാവുന്നതാണ്.

2. ഇടവകകളിൽ 2017ൽ ആരംഭിച്ച വിവരശേഖരണം കൃത്യമായ സമയക്രമം തീരുമാനിച്ച് പൂർത്തിയാക്കിയും നവീകരിച്ചും പ്രസിദ്ധപ്പെടുത്താൻ ശ്രമമുണ്ടാകണം.

3. മഹാമാരിയുടെ കെടുതികളിൽപ്പെട്ട രൂപതാകുടുംബങ്ങളുടെ ആത്മീയ, സാമുഹിക, സാമ്പത്തിക, മാനസിക, വിദ്യഭ്യാസ അഭിവൃദ്ധിക്ക് ഉതകുന്ന ആവശ്യങ്ങൾ തിരിച്ചറിഞ്ഞ്, കുടുംബകേന്ദ്രീകൃതമായി പ്രവർത്തനങ്ങൾ ആരംഭിക്കാവുന്നതാണ്.

4.സ്നേഹസമൂഹങ്ങളിൽ, ചില ഇടവകകളിൽ നാമമാത്രമായി പ്രവർത്തന സജ്ജമായ ശുശ്രൂഷാസമിതികൾ എല്ലായിടത്തേയ്ക്കും എത്തിക്കുന്നതിന് താല്പര്യപൂർവമായ ഇടപെടലുകൾ രൂപപ്പെടുത്താം.

5. **ജെ.ബി. കോശി കമ്മീഷനു** സമർപ്പിക്കാൻ തയ്യാറാക്കിയ റിപ്പോർട്ടിൽ നിന്നു വ്യക്തമായ പിന്നാക്കാവസ്ഥകൾ പരിഹരിക്കുന്നതിന് സംഘടന - കുടുംബകൂട്ടായ്മാ സംവിധാനങ്ങൾ സംയുക്തമായി നിർവഹിക്കാൻ 5 വർഷ പ്രവർത്തന പദ്ധതികൾ രൂപപ്പെടുത്താം.

***ബി.സി.സി. ജൂബിലി ഉപവി പ്രവർത്തനങ്ങൾ***

1. പെസഹാദിനത്തിൽ കാഴ്ചസമർപ്പണമായി തുടങ്ങിയ **ക്യാൻസർ രോഗികൾക്കുള്ള ധനസഹായഫണ്ട്** മഹാമാരിയിൽ വളരെകുറവാണ്. രോഗികളായ ആവശ്യക്കാർ കൂടുതലും ആകയാൽ ഈ ഫണ്ടിൽ അംഗമായി ചേർന്നു വിപുലമാക്കാം - വിവരങ്ങൾക്ക് **റവ. ഫാ. സാംസൺ ആഞ്ഞിലിപ്പറമ്പിൽ, രൂപത സൊസൈറ്റി ഡയറക്ടർ, ആലപ്പുഴ രൂപത - 9249775759**

2. **പ്ലാറ്റിനം ജൂബിലി ഭവന നിർമാണ പദ്ധതിയിൽ** ഇടവകയിലെ ഓരോ കുടുംബത്തിന്റെയും സാധ്യമായ പങ്കാളിത്തമുറപ്പിക്കാം -വിവരങ്ങൾക്ക് **വെരി. റവ. ഫാ. പോൾ ജെ അറക്കൽ, പ്രൊക്കുറേറ്റർ, ആലപ്പുഴ രൂപത - 9446490465**

3. **വിദ്യാനിധി സുരക്ഷാ** എന്ന നിക്ഷേപ പദ്ധതി കോവിഡ് സാഹചര്യത്തിൽ മന്ദഗതിയിലായെങ്കിലും അംഗങ്ങളായ കുടുംബങ്ങൾക്ക് ഏറെ ഗുണം ചെയ്തു. എല്ലാ കുട്ടികളെയും ഈ പദ്ധതിയിൽ പങ്കാളികളാക്കുന്നതിന് ശക്തമായ പ്രചോദനവും പരിശ്രമവുമുണ്ടാകണം. വിവരങ്ങൾക്ക് **വെരി. റവ. മോൺ. ജോയ് പുത്തൻവീട്ടിൽ, വികാരി ജനറൽ, ആലപ്പുഴ രൂപത - 9288855690**

4. **വൈദികപരിശീലനത്തിനൊരു കൈത്താങ്ങ്** - ദൈവവിളി പരിപോഷണത്തിനും രൂപതയിലെ വൈദിക വിദ്യാർത്ഥികളെയും സേക്രട്ട് ഹാർട്ട് സെമിനാരിയേയും സഹായിക്കാൻ താല്പര്യമുള്ള വ്യക്തികളും കുടുംബങ്ങളും മുന്നോട്ടുവരുക - വിവരങ്ങൾക്ക് **വെരി. റവ. ഫാ. സൈമൺ കുരിശിങ്കൽ - 9249968719** ***വിശദവിവരങ്ങൾ നൽകുന്നതാണ്.***

*** സ്വയം പ്രേരിത പ്രാർത്ഥന** തുടർന്ന് **സമാപന പ്രാർത്ഥന * മുൻ റിപ്പോർട്ട് വായനയും ശരിവയ്ക്കലും * അറിയിപ്പുകൾ * ബൈബിൾ വന്ദനം** (സ്പർശിക്കാതെയാക്കാം)

**അറിയിപ്പ്**: * ഒക്ടോബർ 11ന് ജൂബിലായരംഭം മുതലുള്ള പ്രവർത്തനങ്ങൾ സമുചിതമായി ഇടവക കുടുംബങ്ങളിലും സമൂഹത്തിലും ആചരിക്കേണ്ടതിന് ഇടവക തലത്തിൽ ആലോചന നടത്തി പ്രവർത്തനങ്ങൾ രൂപീകരിക്കുക. * പുന്നപ്ര ഹോസ്പിസ് കേന്ദ്രമാക്കി ഹോംനഴ്സിംഗ് ട്രെയിനിംഗ് നൽകുന്നു. കൂടുതൽ തൊഴിൽ സാധ്യതകളുള്ള ഈ കോഴ്സിലേയ്ക്ക് അഡ്മിഷൻ ലഭിക്കാൻ ബന്ധപ്പെടുക : 9447977645 * ബീഡിന്റെ( **BEAD**) നേതൃത്വത്തിൽ അർത്തുങ്കൽ ബസ്സിക്കയുടെ ആഭിമുഖ്യത്തിൽ റീത്താലയത്തിൽ ആരംഭിച്ചിരിക്കുന്ന **വിസ്ഡം (Wisdom College)** കോളേജിൽ +**1** & +**2** അഡ്മിഷനായി ബന്ധപ്പെടുക : College of Commerce & Humanities, Rethalayam, Arthunkal P.O. Mob. Nos. 9447975928, 9745455531, 9249111210







Vox Sant' Andrea യിൽ
ജന്മദിനം വിവാഹവാർഷികം...തുടങ്ങിയ
വിശേഷ ദിവസങ്ങൾ ആശംസിക്കുവാനും
ഉറ്റവരുടെ മരണദിന അനുസ്മരണത്തിനായും
അവസരം ഉണ്ടായിരിക്കുന്നതാണ്. താൽപര്യമുള്ളവർ
ഈ നമ്പറിൽ ബന്ധപ്പെടുക 9539369147




"അർത്തുങ്കൽ വാഴും
വിശുദ്ധ സെബസ്ത്യാനോസേ
ഞങ്ങൾക്കുവേണ്ടി
പ്രാർത്ഥിക്കേണമേ"